# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 31 | Issue 10 | Fortnightly | January 15, 2020 | Page 24 | ₹ 10




ജനുവരി 30

**രക്തസാക്ഷിദിനം**

## മഹാത്മജിക്ക് മരണമില്ല

പേജ് 3

ഡോ. പുനലൂർ സോമരാജൻ




പേജ് 12



കേരളത്തിന്റെ തനതു ദൃശ്യകലാരൂപങ്ങൾ

പേജ് 14

കലയും സാഹിത്യവും പേജ് 11

LANGUAGE CORNER പേജ് 22

## 6 തസ്തികകളിൽ വിജ്ഞാപനം

എലിജിബിലിറ്റി ടെസ്റ്റ് 2019 – വിജ്ഞാപനം

പേജ് 7

സാമ്പത്തിക ശാസ്ത്രം

ഇന്ത്യാ ചരിത്രം

Plus Points

PLUS POINTS 2.0

- WORLD HISTORY
- ANCIENT INDIAN HISTORY
- KERALA HISTORY
- EARTH SCIENCE
- GENERAL SCIENCE
- ENVIRONMENTAL SCIENCE
- ECONOMY & PLANNING
- FACTS ABOUT WILDLIFE
- GENERAL ENGLISH
- മധുരം മലയാളം

ഇന്റർവ്യൂ പ്രോഗ്രാം 2020 ഫെബ്രുവരി

പേജ് 6


ഉടൻ പുനഃപ്രസിദ്ധീകരിക്കുന്നു...

വജ്ര ജൂബിലി വിശേഷാൽ പതിപ്പ്:

**കേരളം**

- കേരളം– അടിസ്ഥാന വിവരങ്ങൾ
- കേരളത്തിലെ നദികൾ
- കേരളത്തിൻെറ മുഖ്യമന്ത്രിമാർ
- കേരളത്തിലെ ജില്ലകൾ
- നവോത്ഥാന നായകർ
- വനിതകളും സാമൂഹിക മാറ്റങ്ങളും
- കേരള നവോത്ഥാനം–മുൻ ചോദ്യങ്ങൾ
- സാമൂഹിക–മത പരിഷ്കരണ പ്രസ്ഥാനങ്ങൾ
- സംഭവങ്ങൾ, പ്രക്ഷോഭങ്ങൾ, പരിഷ്കാരങ്ങൾ
- ദേശീയ പ്രസ്ഥാനവും കേരളത്തിലെ കോൺഗ്രസ് പ്രവർത്തനങ്ങളും
- കമ്യൂണിസ്റ്റ് പ്രസ്ഥാനം കേരള ചരിത്രത്തിലൂടെ
- പുതിയ സമൂഹത്തിലേക്ക്
- മലയാള സാഹിത്യം– പ്രതിഭകളിലൂടെ
- കേരള രാഷ്ട്രീയം
- കേരളത്തിലെ മുദ്രണവും അച്ചടി മാധ്യമങ്ങളും
- തിരുവിതാംകൂർ ഭരണാധികാരികൾ
- കേരളവും നിയമസഭാ ചരിത്രവും



# പിഎസ്‌സി ബുള്ളറ്റിൻ


**പത്രാധിപസമിതി ചെയർപേഴ്സൺ**

**ശ്രീമതി. ആർ പാർവതിദേവി**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പത്രാധിപസമിതി അംഗങ്ങൾ**

**അഡ്വ. രഘുനാഥൻ. എം. കെ.**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ഡോ. കെ. പി. സജിലാൽ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ടി ആർ അനിൽകുമാർ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**പി എച്ച് മുഹമ്മദ് ഇസ്മയിൽ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എഡിറ്റർ**

**സാജു ജോർജ്**
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**ജി. സനൽ**


ഫോൺ : *0471 2546368 OR 9446412483*
സർക്കുലേഷൻ (പി. ആർ. യൂണിറ്റ്): *0471 2546270*


## വരിക്കാരുടെ ശ്രദ്ധയ്ക്ക്

ജില്ലാതല സോർട്ടിങിനായി വരിക്കാർ വിലാസത്തിൽ ജില്ലയുടെ പേരും പിൻകോഡും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

വരിസംഖ്യ ഓൺലൈനായും വിവിധ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടും സ്വീകരിക്കുന്നതാണ്. ഡി.ഡി, ചെക്ക്, പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ല.

മണിഓർഡറായും തുക ഒടുക്കാവുന്നതാണ്

<u>വിലാസം</u>
പബ്ലിക് റിലേഷൻസ് ഓഫീസർ,
കേരള പബ്ലിക് സർവീസ് കമ്മിഷൻ,
പട്ടം പാലസ് പി. ഒ., തിരുവനന്തപുരം – 695004

ഏജൻസികൾക്ക് ട്രഷറിയിൽ പണമൊടുക്കുന്നതിനുള്ള
ഹെഡ് ഓഫ് അക്കൗണ്ട് – 0051-00-800-99-Other receipts
ഏജൻസികളിൽനിന്നുള്ള പണം വിവിധ
ജില്ലാ പിഎസ്‌സി ഓഫീസുകളിലും സ്വീകരിക്കുന്നതാണ്.
പ്രൊഫഷണൽ കൊറിയർ : 0471 2542950, 9447127075

### ആസ്ഥാന ഓഫീസ് എൻക്വയറി

ജനറൽ എൻക്വയറി 0471 2546400,0471 2546401, 0471 2444428, 0471 2444438, 0471 2447201 (പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 6 മണിവരെ).

### മേഖലാ ഓഫീസുകൾ

കൊല്ലം: 0474 2745674, എറണാകുളം: 0484 2317435, കോഴിക്കോട്: 0495 2371500

### ജില്ലാ ഓഫീസുകൾ

തിരുവനന്തപുരം: 0471 2448188/ 0471 2546402, കൊല്ലം: 0474 2743624, പത്തനംതിട്ട: 0468 2222665, ആലപ്പുഴ: 0477 2264134, കോട്ടയം: 0481 2578278, ഇടുക്കി: 04868 272359, എറണാകുളം: 0484 2314500, തൃശ്ശൂർ: 0487 2327505, പാലക്കാട്: 0491 2505398, മലപ്പുറം: 0483 2734308, കോഴിക്കോട്: 0495 2371971, വയനാട്: 04936 202539, കണ്ണൂർ: 0497 2700482, കാസർഗോഡ്: 04994 230102

## നേരിട്ട്...



**അഡ്വ. എം. കെ. സക്കീർ**
ചെയർമാൻ
കേരള പബ്ലിക്
സർവ്വീസ് കമ്മിഷൻ

# തിരിച്ചറിയൽ ഇനി ബയോമെട്രിക് രീതിയിലൂടെയും

വയനാട് ജില്ലയിൽ കളക്ടറേറ്റിലെ ഉദ്യോഗസ്ഥൻ നടത്തിയ നിയമന തട്ടിപ്പിന്റെ പശ്ചാത്തലത്തിലാണ് ഉദ്യോഗാർഥികളുടെ ബയോമെട്രിക് പരിശോധന ആവശ്യമാണെന്ന് അഭിപ്രായം ഉണ്ടായത്. പി എസ് സി നിയമന ശുപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥി തന്നെയാണ് ജോലിയിൽ പ്രവേശിക്കുന്നത് എന്ന് ഉറപ്പു വരുത്തുന്നതിനായി നിയമ പരിശോധന നടത്താൻ സർക്കാർ ഉത്തരവിറക്കി. 30.06.2011 ലെ ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ് ഉത്തരവ് പ്രകാരം സർട്ടിഫിക്കറ്റ് പരിശോധന സമയത്ത് പബ്ലിക് സർവീസ് കമ്മീഷൻ ഉദ്യോഗാർത്ഥിയുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിക്കുകയും പിന്നീട് ടിയാൻ സർവീസിൽ പ്രവേശിക്കുമ്പോൾ സേവന പുസ്തകത്തിലെ ഫോട്ടോയും ഉദ്യോഗാർഥിയേയും ബയോമെട്രിക് രീതി പ്രകാരം ഒത്തു നോക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിരുന്നു.

എന്നാൽ ഉദ്യോഗാർത്ഥികളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ചു വച്ചിട്ടുള്ള ആധാർ നിർബന്ധമായും നടപ്പിലാക്കാൻ കഴിയാതിരുന്നതു കൊണ്ടും ഉദ്യോഗാർഥികൾ തങ്ങളുടെ പ്രൊഫൈൽ ആധാറുമായി ലിങ്ക് ചെയ്യാതിരുന്നതുകൊണ്ടും ഈ ഉത്തരവ് പൂർണമായും നടപ്പിലാക്കാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈൽ ആധാറുമായി ലിങ്ക് ചെയ്യാനുള്ള നിർദ്ദേശം കമ്മീഷൻ പുറപ്പെടുവിച്ചതിനുശേഷം ആധാർ ലഭ്യമായിട്ടുള്ള ഉദ്യോഗാർത്ഥികളിൽ നല്ലൊരു ശതമാനവും ആധാർ ലിങ്കിംഗ് നടത്തിക്കഴിഞ്ഞു. ഈ സാഹചര്യത്തിലാണ് പബ്ലിക് സർവീസ് കമ്മീഷൻ വിവിധ തെരഞ്ഞെടുപ്പ് ഘട്ടങ്ങളിൽ ബയോമെട്രിക് പരിശോധനയിലൂടെയും ഉദ്യോഗാർഥികളുടെ തിരിച്ചറിയൽ ഉറപ്പാക്കാൻ കമ്മീഷൻ തീരുമാനിച്ചിരിക്കുന്നത്.

ഇതിന്റെ ആദ്യപടിയായി ഓൺലൈൻ പരീക്ഷകൾക്ക് ഹാജരാകുന്ന ഉദ്യോഗാർത്ഥികളുടെ തിരിച്ചറിയൽ ആധാർ അധിഷ്ടിത ബയോമെട്രിക് രീതി അവലംബിച്ച് നടത്തുവാൻ കമ്മിഷൻ തീരുമാനിച്ചു. ഈ നടപടിയുടെ ആദ്യഘട്ടമായി 2020 മാർച്ച് മാസം 15–ാം തീയതിക്കുശേഷം കേരള പബ്ലിക് സർവീസ് കമ്മിഷന്റെ തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, കോഴിക്കോട് ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന ഓൺലൈൻ പരീക്ഷകൾക്ക് ഹാജരാകുന്ന ഉദ്യോഗാർത്ഥികളെ പരീക്ഷാഹാളിൽ പ്രവേശിപ്പിക്കുന്നതിന് മുന്നോടിയായി ബയോമെട്രിക് പരിശോധനയ്ക്ക് വിധേയമാക്കുന്നതായിരിക്കും. ●

## പിഎസ്‌സി അറിയിപ്പുകൾ

# 2019 ഡിസംബർ 30 ന് ചേർന്ന കമ്മിഷൻ യോഗ തീരുമാനങ്ങൾ

### സ്ഥിരീകരണത്തിനുള്ള ഒ.ടി.പി. ഇനി ഇ–മെയിലിലും ലഭിക്കും

പരീക്ഷ എഴുതുന്നതിന് മുന്നോടിയായി സ്ഥിരീകരണം നൽകുന്നതിനുള്ള ഒ.ടി.പി. സംവിധാനം രജിസ്റ്റർ ചെയ്ത മൊബൈൽ ഫോണിൽ സന്ദേശമായി നൽകുന്നതിന് പുറമേ ഇ–മെയിൽ വിലാസം പ്രൊഫൈലിൽ ചേർത്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ഇ–മെയിലായും ലഭ്യമാക്കുവാൻ തീരുമാനിച്ചു.

### ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കും

1. വ്യാവസായിക പരിശീലന വകുപ്പിൽ, കാറ്റഗറി നമ്പർ 370/2017 പ്രകാരം വിജ്ഞാപനം ചെയ്ത, ജൂനിയർ ഇൻസ്ട്രക്ടർ (പമ്പ് ഓപ്പറേറ്റർ കം മെക്കാനിക്).
2. കേരള കോ–ഓപ്പറേറ്റീവ് മിൽക് മാർക്കറ്റിങ് ഫെഡറേഷൻ ലിമിറ്റഡിൽ, കാറ്റഗറി നമ്പർ 257/2018 പ്രകാരം വിജ്ഞാപനം ചെയ്ത, സ്റ്റെനോഗ്രാഫർ ഗ്രേഡ് 2/ സ്റ്റെനോടൈപ്പിസ്റ്റ് ഗ്രേഡ് 2.
3. കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ, കാറ്റഗറി നമ്പർ 108/2017 പ്രകാരം വിജ്ഞാപനം ചെയ്ത, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2.
4. ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം.) കേരള ലിമിറ്റഡിൽ, കാറ്റഗറി നമ്പർ 135/2015 പ്രകാരം വിജ്ഞാപനം ചെയ്ത, സ്റ്റെനോഗ്രാഫർ.

### സാധ്യതാപട്ടിക പ്രസിദ്ധീകരിക്കും

1. വ്യാവസായിക പരിശീലന വകുപ്പിൽ, കാറ്റഗറി നമ്പർ 389/2017 പ്രകാരം വിജ്ഞാപനം ചെയ്ത, വർക്ഷോപ്പ് അറ്റൻഡർ – ആർക്കിടെക്ചറൽ അസിസ്റ്റന്റ് (പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മാത്രം).
2. തദ്ദേശസ്വയംഭരണ എഞ്ചിനീയറിങ് വിങ്ങിൽ, കാറ്റഗറി നമ്പർ 306/2018 പ്രകാരം വിജ്ഞാപനം ചെയ്ത, ഓവർസിയർ ഗ്രേഡ് 3/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 3 (സിവിൽ) (പട്ടികവർഗ്ഗക്കാർക്ക് മാത്രം)

### റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും

1. ഹാർബർ എഞ്ചിനീയറിങ് വകുപ്പിൽ, കാറ്റഗറി നമ്പർ 16/2019 പ്രകാരം വിജ്ഞാപനം ചെയ്ത ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 2/ഓവർസിയർ ഗ്രേഡ് 2 (മെക്കാനിക്കൽ).
2. ഹാർബർ എഞ്ചിനീയറിങ് വകുപ്പിൽ, കാറ്റഗറി നമ്പർ 85/2018 പ്രകാരം വിജ്ഞാപനം ചെയ്ത ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 3/ഓവർസിയർ ഗ്രേഡ് 3 (സിവിൽ)/ട്രേസർ.

### പ്രായോഗിക പരീക്ഷ നടത്തും

1. മൃഗസംരക്ഷണ വകുപ്പിൽ, കാറ്റഗറി നമ്പർ 493/2017 പ്രകാരം വിജ്ഞാപനം ചെയ്ത, ട്രാക്ടർ ഡ്രൈവർ (രണ്ടാം എൻ.സി.എ.– പട്ടികജാതി).

### അഭിമുഖം നടത്തും

1. ആരോഗ്യ വകുപ്പിൽ, കാറ്റഗറി നമ്പർ 109/2019 പ്രകാരം വിജ്ഞാപനം ചെയ്ത, അസിസ്റ്റന്റ് സർജൻ/കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ (മൂന്നാം എൻ.സി.എ.– പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള പരിവർത്തിത ക്രിസ്ത്യാനികൾ).
2. കേരള കോ–ഓപ്പറേറ്റീവ് മിൽക് മാർക്കറ്റിങ് ഫെഡറേഷൻ ലിമിറ്റഡിൽ, കാറ്റഗറി നമ്പർ 344/2018 പ്രകാരം വിജ്ഞാപനം ചെയ്ത, സ്റ്റോഴ്സ് പർച്ചേസ് ഓഫീസർ(ജനറൽ കാറ്റഗറി).
3. കേരള കോ–ഓപ്പറേറ്റീവ് മിൽക് മാർക്കറ്റിങ് ഫെഡറേഷൻ ലിമിറ്റഡിൽ, കാറ്റഗറി നമ്പർ 412/2017 പ്രകാരം വിജ്ഞാപനം ചെയ്ത, ടെക്നിക്കൽ സൂപ്രണ്ട് (എഞ്ചിനീയറിങ്) (സൊസൈറ്റി കാറ്റഗറി).

# മഹാത്മജിക്ക് മരണമില്ല

**ഡോ. പുനലൂർ സോമരാജൻ**
സെക്രട്ടറി, ഗാന്ധിഭവൻ പത്തനാപുരം

**കാലമെത്ര കടന്നുപോയാലും മഹാത്മജിക്ക് മരണമില്ല. അദ്ദേഹത്തിന്റെ ആശയങ്ങളും ആദർശങ്ങളും ജീവിതദർശനങ്ങളും മാനവരാശിക്ക് മാർഗ്ഗരേഖയായിരിക്കും. അത് നിത്യവും പ്രസക്തിയുള്ളതും നിത്യനൂതനവുമായിരിക്കും. കാരണം അത് മനുഷ്യന്റെ ഭാവിയോട് ചേർന്നുനിൽക്കുന്നു. 'ഹേ റാം' എന്ന ശാന്തിമന്ത്രത്തിന്റെ ധ്വനികൾ പതിഞ്ഞ ശബ്ദത്തിലാണെങ്കിലും കേൾക്കാൻ കഴിയുന്നുണ്ട്. ആ ശാന്തിമന്ത്രം തന്നെയാണ് ഇന്ത്യയുടെ ആത്മാവ്.**



"ശസ്ത്രമെന്നിയേ ധർമ്മസംഗരം നടത്തുന്നോൻ
പുസ്തകമെന്യേ പുണ്യാദ്ധ്യാപനം പുലർത്തുന്നോൻ
ഔഷധമെന്യേ രോഗം ശമിപ്പിപ്പവൻ; ഹിംസാ-
ദോഷമെന്നിയേ യജ്ഞം ചെയ്‌വവനെന്നാചാര്യൻ"

മഹാകവി വള്ളത്തോൾ 'എന്റെ ഗുരുനാഥൻ' എന്ന കവിതയിൽ ഗാന്ധിജിയെ വർണ്ണിച്ചത് ഇങ്ങനെയായിരുന്നു. ശസ്ത്രമെടുക്കാത്ത വിപ്ലവകാരി; മഹാഗുരു. ഹിംസാത്മകമായ ലോകത്ത് മറുമരുന്നുമായി നിന്നവൻ; അദ്ദേഹം പകർന്നുതന്ന പാഠങ്ങൾ നാം പഠിച്ചില്ല. അദ്ദേഹത്തെ നമ്മൾ അവഗണിച്ചു. പലപ്പോഴും അപമാനിച്ചു.

മഹാകവി രവീന്ദ്രനാഥ ടാഗോർ പാടിയത് ഇങ്ങനെയാണ്:-

"ഒറ്റയ്ക്ക് പോകൂ... ആരും വരാനില്ല കൂടെ- ഹേ, ഭാഗ്യഹീനനായ മനുഷ്യാ, ഒറ്റയ്ക്ക് നടക്കുക. അവരെല്ലാം പേടിച്ച് ചുവരിൽ മുഖമമർത്തി ചൂളിക്കൂടിയിരിക്കുകയാണ്. ആരും വരികയില്ല ആ മുള്ളുനിറഞ്ഞ വഴിയിലൂടെ നടക്കാൻ. ഒറ്റയ്ക്ക് പോകൂ... ആ വഴിയിലെങ്ങും നിന്റെ പാദങ്ങളുടെ ചോരപ്പാടുകൾ പതിഞ്ഞുകിടക്കും. ഒറ്റയ്ക്ക് നടക്കുന്നവനേ, അവർ രാത്രിയിൽ വാതിലെല്ലാം അടച്ചുകളയും. വിളക്കുകൾ കെടുത്തിക്കളയും. ഇരുട്ടാണ്, ശൂന്യതയാണ്, ഭാഗ്യം കെട്ട മനുഷ്യാ, നിന്റെ ഉൾച്ചൂടിന്റെ തീമിന്നൽ വെളിച്ചത്തിൽ ഒറ്റയ്ക്ക് നടന്നുപോകൂ..."

ഗാന്ധിജി നടന്നുപോയ കനൽവഴിയെക്കുറിച്ച് ഇതിനപ്പുറം എന്ത് പറയാൻ? ക്രിസ്തുവിന്റെ വഴിയും ഇതുതന്നെയായിരുന്നല്ലോ. വിശ്വഗുരുവായി നാം കരുതുന്നവരെല്ലാംതന്നെ പ്രതികൂല സാഹചര്യങ്ങളെയും പ്രതിസന്ധിഘട്ടങ്ങളെയും നിശ്ചയദാർഢ്യത്തോടെ അതിജീവിച്ച് വിശ്വവിജയികളായവരാണ്. മഹാത്മജിയുടെ ജീവിതം സ്ഫടികം പോലെ നിർമ്മലമായിരുന്നു. ജീവിതത്തെ അദ്ദേഹം സ്വയം സ്ഫുടം ചെയ്തെടുത്തു. ഒരു സാധാരണ മനുഷ്യനിൽ നിന്നും ഒരു മഹാപുരുഷനിലേക്കുള്ള ആ ജീവിതത്തിന്റെ പ്രയാണം മാതൃകാപരമായിരുന്നു.

"എന്റെ ജീവിതമാണ് എന്റെ സന്ദേശം" എന്ന് അദ്ദേഹം ഉറക്കെ പ്രഖ്യാപിച്ചു. ആ സന്ദേശം നമ്മളിൽ എത്രപേർ ഉൾക്കൊണ്ടു എന്നത് മറ്റൊരു പ്രശ്നമാണ്.

"അരുത്. ഹിംസ അരുത്. പ്രവൃത്തിയിൽ മാത്രമല്ല, വാക്കിലും പ്രവൃത്തിയിലും അഹിംസ പാലിക്കുവിൻ. അരുത്. വിദ്വേഷമരുത്. വർഗ്ഗീയത അരുത്. ജാതിചിന്ത അരുത്. സ്നേഹമാകട്ടെ നിങ്ങളുടെ മാർഗ്ഗം. എല്ലാവരും ഈശ്വരന്റെ സന്താനങ്ങളാണ്. ഏത് കർമ്മവും ഫലേച്ഛ കൂടാതെ ചെയ്യുക. ഈശ്വരൻ സത്യമാണ്;" ഗാന്ധിജി പറഞ്ഞു.

ഗാന്ധിയൻ ദർശനങ്ങൾ ചവിട്ടിമെതിക്കപ്പെടാതെ നാം നോക്കണം. പരാശ്രയത്താൽ പടുകുഴിയിൽ വീണുകൊണ്ടിരിക്കുമ്പോൾ സ്വാശ്രയത്വത്തിന്റെ ബലമറിയുന്നത് ഗാന്ധിജിയിലൂടെയാണ്. ഓരോ ഗ്രാമവും കൊടും ദാരിദ്ര്യത്തിലേക്ക് കുഴഞ്ഞുവീഴുമ്പോൾ ഗാന്ധിജിയുടെ ഗ്രാമസ്വരാജ് അല്ലാതെ മറ്റെന്ത് പരിഹാരനിർദ്ദേശമാണ് നമുക്കുമുന്നിലുള്ളത്? കോർപ്പറേറ്റുകളും കുത്തകകളും ആധിപത്യം ഊട്ടിയുറപ്പിക്കുമ്പോൾ സ്വദേശിവത്കരണം എന്ന മുദ്രാവാക്യമെങ്കിലും ഒന്ന് ഉറക്കെവിളിക്കാൻ നമുക്ക് കഴിയണ്ടേ? സ്വന്തം കാര്യം നേടാൻ ഏത് കുറുക്കുവഴിയും സ്വീകരിക്കുന്ന കുറുക്കന്മാരുടെ ഒരു രാജ്യത്ത് സത്യത്തിന്റെ പൊരുളറിയാൻ ഗാന്ധിജിയെയല്ലാതെ മറ്റാരെയാണ് നാം ആശ്രയിക്കേണ്ടത്? ജീവിതം ആഭാസമായി മാറുന്ന ഒരുകാലത്ത് ഗാന്ധിജി പഠിപ്പിച്ച ജീവിതമൂല്യങ്ങളല്ലേ നമുക്ക് മാർഗ്ഗദർശനമാകേണ്ടത്? ധൂർത്തിനെ ലാളിത്യമാക്കാനും മനോഹരമായ പ്രകൃ

തിയെ മധുരമനോജ്ഞമായി പരിരക്ഷിക്കാനും മനസ്സിലെയും ചുറ്റുപാടുകളിലെയും മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിന് ശുദ്ധീകരണം നടത്താനും നമുക്കുള്ള ഏക പോംവഴി ഗാന്ധിമാർഗ്ഗമല്ലാതെ മറ്റെന്താണ്?

മഹാത്മജിയുടെ 150-ാം ജന്മവാർഷികാഘോഷങ്ങൾക്ക് തിരശ്ശീല വീഴുമ്പോൾ നമ്മുടെ രാജ്യത്തിന്റെ അവസ്ഥ അത്ര ആശാവഹമാണെന്ന് പറയാനാവില്ല. ഗാന്ധിജിയിലൂടെ രാഷ്ട്രം സ്വരൂപിച്ച ബഹുസ്വരതയ്ക്ക് വിള്ളൽ വീഴാൻ പാടില്ല. ഗാന്ധിജി പഠിപ്പിച്ചതൊന്നും നാം പഠിച്ചില്ല. ഓരോ പദ്ധതി ആവിഷ്കരിക്കുന്നതിനും മുമ്പ് രാജ്യത്തെ പരമദരിദ്രന്റെ മുഖം മനസ്സിൽ വരണമെന്നാണ് ഗാന്ധിജി ഉപദേശിച്ചത്. വർഗ്ഗീയതയെ വെടിയണമെന്നാണ് ഗാന്ധിജി പറഞ്ഞതെങ്കിൽ വർഗ്ഗീയത കൊണ്ട് നാം ശക്തരാകുകയാണ് ചെയ്തത്. ഗാന്ധിജി നൽകിയ ഹരിജനങ്ങൾ എന്ന നാമം പോലും നമുക്ക് നിഷിദ്ധമായി. പ്രകൃതിയെ പരിരക്ഷിക്കാനാണ് ഗാന്ധിജി പറഞ്ഞതെങ്കിൽ പ്രകൃതിയെ ചൂഷണം ചെയ്ത് നമ്മുടെ നാടിനെ നിത്യപ്രളയത്തിലാഴ്ത്താനാണ് നാം ശ്രമിച്ചത്.

ഗോഡ്സെയുടെ വെടിയുണ്ടകളാൽ അന്ത്യശ്വാസം വലിക്കുന്നതിനു മുമ്പുതന്നെ രാജ്യത്തെ വെട്ടിപ്പിളർന്നത് കാണേണ്ടിവന്നപ്പോൾ 'ഈശ്വർ അള്ളാ തേരേ നാം' എന്ന് അദ്ദേഹം ഉദ്ഘോഷിച്ചു. തന്റെ ശാന്തിമന്ത്രങ്ങൾക്ക് ചെവികൊടുക്കാതെ ലക്ഷക്കണക്കിന് ആളുകൾ ചേരിതിരിഞ്ഞ് കൊലയും കൊള്ളയും കൊള്ളിവെപ്പും നടത്തുന്നത് കണ്ടപ്പോൾ ആ ഹൃദയം തകർന്നിട്ടുണ്ടാകണം. രക്തസാക്ഷിത്വത്തിന് ശേഷവും ഗാന്ധിജിയെ നമ്മൾ വധിച്ചുകൊണ്ടേയിരിക്കുന്നു. ദുരാരോപണങ്ങളും നിന്ദയും അവഗണനയും ഇന്നും അദ്ദേഹം ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്നു.

'ഹേ റാം' ശാന്തിമന്ത്രത്തിന്റെ ധ്വനികൾ പതിഞ്ഞ ശബ്ദത്തിലാണെങ്കിലും ഇന്നും നമുക്ക് കേൾക്കാൻ കഴിയുന്നുണ്ട്. ആ ശാന്തിമന്ത്രമാണ് ഇന്ത്യയുടെ ആത്മാവ്.

കാലമെത്ര കടന്നുപോയാലും ഗാന്ധിജിക്ക് മരണമില്ല. അദ്ദേഹം മുന്നോട്ടുവച്ച ആശയങ്ങളും ആദർശങ്ങളും ജീവിതദർശനങ്ങളും മാനവരാശിക്ക് മാർഗ്ഗരേഖയായിരിക്കും. അത് നിത്യവും പ്രസക്തിയുള്ളതും നിത്യനൂതനവുമായിരിക്കും. കാരണം അത് മനുഷ്യന്റെ ഭാവിയോട് ചേർന്നു നിൽക്കുന്നു.

മഹാത്മജിയിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ടാണ് പത്തനാപുരം ഗാന്ധിഭവൻ പിറവിയെടുത്തത്. ആ ഊർജ്ജം തന്നെയാണ് ഇന്നും ഞങ്ങളുടെ മൂലധനം. ആ മഹാതേജസ്സിന് മുന്നിൽ പ്രണാമം അർപ്പിക്കുന്നു. ●

## പിഎസ്സി അറിയിപ്പുകൾ

### 2020 ജനുവരി 6 ന് ചേർന്ന കമ്മിഷൻ യോഗ തീരുമാനങ്ങൾ

1. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ, കാറ്റഗറി നമ്പർ 15/2019 പ്രകാരം വിജ്ഞാപനം ചെയ്ത, ഡെന്റൽ മെക്കാനിക് തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനും കോളേജ് വിദ്യാഭ്യാസ വകുപ്പിൽ, കാറ്റഗറി നമ്പർ 158/2019 പ്രകാരം വിജ്ഞാപനം ചെയ്ത, ലക്ചറർ ഇൻ മാത്തമാറ്റിക്സ് (രണ്ടാം എൻ.സി.എ.- ധീവര) തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി അഭിമുഖം നടത്തുവാനും തീരുമാനിച്ചു.

**ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങളിൽ ബയോമെട്രിക് പരിശോധന നടത്താൻ തീരുമാനിച്ചു**

കേരള പബ്ലിക് സർവീസ് കമ്മിഷൻ നടത്തുന്ന ഓൺലൈൻ പരീക്ഷകൾക്ക് ഹാജരാകുന്ന ഉദ്യോഗാർത്ഥികളുടെ തിരിച്ചറിയൽ ആധാർ അധിഷ്ടിത ബയോമെട്രിക് രീതി അവലംബിച്ച് നടത്തുവാൻ കമ്മിഷൻ തീരുമാനിച്ചു. ഈ നടപടിയുടെ ആദ്യഘട്ടമായി 2020 മാർച്ച് മാസം 15-ാം തീയതിക്കു ശേഷം കേരള പബ്ലിക് സർവീസ് കമ്മിഷന്റെ തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, കോഴിക്കോട് ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന ഓൺലൈൻ പരീക്ഷകൾക്ക് ഹാജരാകുന്ന ഉദ്യോഗാർത്ഥികളെ പരീക്ഷാഹാളിൽ പ്രവേശിപ്പിക്കുന്നതിന് മുന്നോടിയായി ബയോമെട്രിക് പരിശോധനയ്ക്ക് വിധേയമാക്കുന്നതായിരിക്കും.

## ചോദിക്കൂ... പറയാം...



? പി.എസ്.സി. സ്വീകരിക്കുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് (NCLC), ജാതി സർട്ടിഫിക്കറ്റ് എന്നിവയുടെ കാലാവധി എത്ര വർഷമാണ് ?

**അഭിമന്യൂ കെ., ചിങ്ങവനം**
**ശ്രീദേവി പി കടയ്ക്കൽ**

= ഓരോ തസ്തികയുടെയും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള ഗസറ്റ് വിജ്ഞാപന തീയതിക്ക് ഒരുവർഷം മുമ്പുവരെ വാങ്ങിയതും സർട്ടിഫിക്കറ്റ് പരിശോധനാ തീയതി വരെ നേടിയിട്ടുള്ളതുമായ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റുകൾ സ്വീകാര്യമാണ്. ജാതി സർട്ടിഫിക്കറ്റിന്റെ കാര്യത്തിൽ ഗസറ്റ് വിജ്ഞാപന തീയതിക്ക് 3 വർഷം മുമ്പ് വരെ വാങ്ങിയിട്ടുള്ളതും സർട്ടിഫിക്കറ്റ് പരിശോധനാ സമയം വരെ നേടിയിട്ടുള്ളതുമായ സർട്ടിഫിക്കറ്റുകൾ സ്വീകാര്യമാണ്.

? നെറ്റ് യോഗ്യത നേടിയിട്ടുള്ള, ബിരുദാനന്തര ബിരുദ അവസാന വർഷ വിദ്യാർത്ഥികൾക്ക് ഫൈനൽ റിസൾട്ട് പ്രസിദ്ധീകരിക്കുന്നതിന് മുൻപുള്ള തീയതി അവസാന തീയതിയായി വരുന്ന, ടി യോഗ്യത ആവശ്യമായി വരുന്ന തസ്തികയിലേക്ക് അപേക്ഷിക്കാൻ പറ്റുമോ ?

**കുര്യൻ വർക്കി, കോട്ടയം**

= അപേക്ഷിക്കാൻ കഴിയില്ല. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിക്ക് മുമ്പ് നിശ്ചിത യോഗ്യത നേടിയിരിക്കണം.

### ബുള്ളറ്റിനിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച്

പി.എസ്.സി. ബുള്ളറ്റിനിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച് നിങ്ങളുടെ അഭിപ്രായങ്ങൾ എഴുതി അറിയിക്കുക. ഉള്ളടക്കം മെച്ചപ്പെടുത്തുന്ന തിനാവശ്യമായ നിർദ്ദേശങ്ങളും സമർപ്പിക്കാവുന്നതാണ്. വിവിധ തസ്തികകളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾക്കുള്ള സംശയങ്ങളും പി.എസ്.സി. ബുള്ളറ്റിൻ മുഖേന ചോദിക്കാവുന്നതാണ്.

**കത്തുകൾ അയക്കേണ്ട വിലാസം :**
**എഡിറ്റർ, പി.എസ്.സി. ബുള്ളറ്റിൻ,**
**കേരള പബ്ലിക് സർവീസ് കമ്മിഷൻ,**
**പട്ടം, തിരുവനന്തപുരം -4.**
**ഇ-മെയിൽ - kpscpro@gmail.com**

## GK MASTER

**പത്ത് ചോദ്യങ്ങളടങ്ങിയ ഒരു സമസ്യ മാസത്തിൽ ഒരു ലക്കത്തിലൂടെ നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്. എല്ലാ ചോദ്യങ്ങളുടെയും ശരിഉത്തരങ്ങൾ കണ്ടെത്തി വേഗം ഞങ്ങളെ അറിയിക്കൂ. ആദ്യം പ്രതികരിക്കുന്ന അഞ്ചുപേരുടെ പേരുവിവരം ഉത്തരങ്ങളോടൊപ്പം പ്രസിദ്ധീകരിക്കും. ഉത്തരങ്ങൾ kpscgkmaster@gmail.com എന്ന ഇ-മെയിൽ മുഖേന അയയ്ക്കാവുന്നതാണ്.**

1. സഹ്യാദ്രി തവിടൻ എന്നത് ഏത് ജീവി വർഗ്ഗമാണ്?
2. കേരളത്തിലെ ബുദ്ധമതത്തെപ്പറ്റി അറിവു നൽകുന്ന ഏറ്റവും പ്രാചീന രേഖയേത്?
3. കേരളത്തിലെ മുസ്ലിം സമുദായത്തെപ്പറ്റി വിവരങ്ങൾ നൽകുന്ന ആദ്യത്തെ സഞ്ചാരി?
4. പോർച്ചുഗീസുകാർ കടലിൽ മുക്കിക്കൊന്ന സുറിയാനി ബിഷപ്പ്?
5. 'അത്മഹത്യക്കും കൊലയ്ക്കും ഇടയിലൂടെ ഓരാർത്തനാദം പോലെ പായുന്നു ജീവിതം' എന്നു പറഞ്ഞതാര്?
6. കടങ്കഥാസ്വഭാവമുള്ള യക്ഷപ്രശ്നം കടന്നു വരുന്നത് ഏത് ഭാരതീയ ഇതിഹാസത്തിൽ?
7. പെൺപ്രതിരോധങ്ങൾ നാടൻപാട്ടുകളിൽ എന്ന ലേഖനമെഴുതിയതാര്?
8. കേരള ചരിത്രത്തിൽ ഞായറാഴ്ച അവധിയായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഉത്തരവിൽ ഒപ്പുവച്ചതാര്?
9. ഗ്രാമീണവിലാപകാവ്യത്തിൽ പെടുന്ന 'ദ സ്കോളർ ജിപ്സി' എന്ന കവിതയുടെ രചയിതാവ്?
10. ലോകത്ത് നായകളുടെ സൂയിസൈഡ് പോയിന്റ് എന്നറിയപ്പെടുന്നത് എവിടെയാണ്?

### കഴിഞ്ഞലക്കം GK MASTER ഉത്തരങ്ങൾ

**പൂർണ്ണമായും ശരിയുത്തരങ്ങൾ ആരും നൽകിയിട്ടില്ല.**

1. ഇന്ദിരാ കല്ല്യാൺ
2. മലയാളരാജ്യം
3. ജോവന്നസ് ഗോൺസാൽവസ്
4. ഭാവഗീതം (Ode)
5. വൈലോപ്പിള്ളി ശ്രീധരമേനോൻ
6. 1982 ലെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ സ്വാതന്ത്ര്യദിന സന്ദേശം
7. അച്യുത് ശങ്കർ .എസ്. നായർ
8. രചന അക്ഷരവേദി
9. ലാഫിങ് ഔട്ട് ലൗഡ്
10. ജെ.വി. വിളനിലം

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ളവരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾക്ക് 15 - 01 - 2020, തീയതിയിലെ കേരള സർക്കാർ അസാധാരണ ഗസറ്റ് കാണുക. പ്രസ്തുത വിജ്ഞാപനങ്ങളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഗസററിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.

**അസാധാരണ ഗസറ്റ് തീയതി: 15 – 01 – 2020 അവസാന തീയതി: 19 – 02 – 2020 രാത്രി 12 മണി വരെ**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.Keralapsc.gov.in. വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ 31/12/2010 നോ അതിനുശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ്‌ലോഡ് ചെയ്ത ഫോട്ടോയ്ക്ക് അപ്‌ലോഡ് ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിൻറ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Pass word രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation), അപേക്ഷകൾ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൌൺലോഡ് ചെയ്യുന്നതിനുള്ള സൌകര്യം പരീക്ഷ തീയതി വരെയുള്ള അവസാനത്തെ പതിനഞ്ച് ദിവസത്തിനുള്ളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് സ്ഥിരീകരണം നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് എതിരെ Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

ഉദ്യോഗാർത്ഥികളുടെ SSLC ബുക്കിൽ രേഖപ്പെടുത്തിയ ജാതിയിൽ നിന്നും വ്യത്യസ്തമായ ജാതി അപേക്ഷയിൽ അവകാശപ്പെടുന്ന പക്ഷം ആയത് അസ്സൽ പ്രമാണ പരിശോധന തീയതിക്കു മുൻപ് ഗസറ്റിൽ വിജ്ഞാപനം ചെയ്തിരിക്കേണ്ടതും ജാതി തെളിയിക്കുന്നതിന് റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ് /നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ് എന്നതിനോടൊപ്പം ഇത് സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം കൂടി ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്.
**എല്ലാ തസ്തികകൾക്കും KS & SSR പാർട്ട് II റൂൾ 10 (a)ii ബാധകമാണ്.**

തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്.

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

**ആധാർ കാർഡുള്ളവർ തിരിച്ചറിയൽ രേഖയായി ആധാർ പ്രൊഫൈലിൽ ചേർക്കേണ്ടതും പ്രൊഫൈൽ ആധാറുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.**

## ജനറൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

### കാറ്റഗറി നമ്പർ 01/2020
### അസിസ്റ്റന്റ് പ്രൊഫസർ ഇൻ എമർജൻസി മെഡിസിൻ

| | | |
|---|---|---|
| 1 | **വകുപ്പ്** | : മെഡിക്കൽ വിദ്യാഭ്യാസം |
| 2 | **ഉദ്യോഗപ്പേര്** | : അസിസ്റ്റന്റ് പ്രൊഫസർ ഇൻ എമർജൻസി മെഡിസിൻ |
| 3 | **ശമ്പളം** | : യു.ജി.സി മാനദണ്ഡപ്രകാരം |
| 4 | **ഒഴിവുകളുടെ എണ്ണം** | : 16(പതിനാറ്) |

കുറിപ്പ്: ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത്(10)വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലന കാലമുൾപ്പെടെ) നാല്(4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ,വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവന വ്യവസ്ഥ നാൽപ്പത്തിയഞ്ച് (45) വയസ്സ് തികഞ്ഞവർക്കും ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കും ബാധകമല്ല.

**5 നിയമന രീതി :** നേരിട്ടുള്ള നിയമനം.

**6 പ്രായം:** 21–45 ;ഉദ്യോഗാർത്ഥികൾ 02/01/1975നും 01/01/1999 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ )പട്ടികജാതി/പട്ടികവർഗ്ഗം, മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും.
[വയസ്സിളവിനെ സംബന്ധിച്ച് മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പാർട്ട്2പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക]

**7 യോഗ്യതകൾ:** എം.ഡി/ഡി.എൻ.ബി.(എമർജൻസി മെഡിസിൻ).
മേൽ യോഗ്യതയുടെ അഭാവത്തിൽ എം.ഡി./ഡി.എൻ.ബി (ജനറൽ മെഡിസിൻ) /എം.എസ്/ഡി.എൻ.ബി.(ജനറൽ സർജറി) /എം.ഡി/ഡി.എൻ.ബി.(റെസ്പിറേറ്ററി മെഡിസിൻ)/ എം.ഡി/ഡി.എൻ.ബി.(അനസ്തേഷ്യ) എം.ഡി/ഡി.എൻ.ബി.(ഓർത്തോ പീഡിക്സ്)നോടൊപ്പം എമർജൻസി മെഡിസിനിൽ 2 വർഷത്തെ പരിശീലനം.
ഒരു അംഗീകൃത മെഡിക്കൽ കോളേജിൽ ബിരുദാനന്തര ബിരുദ കോഴ്സ് ചെയ്യുന്ന സമയത്തോ അല്ലെങ്കിൽ ബിരുദാനന്തര ബിരുദ കോഴ്സ് പൂർത്തിയാക്കിയതിനു ശേഷമോ റസിഡന്റ്/രജിസ്ട്രാർ/ഡെമോൺസ്ട്രേറ്റർ/ട്യൂട്ടർ എന്ന നിലയിലേയ്ക്കുള്ള മൂന്ന്(3)വർഷത്തെ അധ്യാപന പരിചയം.
ബിരുദാനന്തര ബിരുദ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയതിനു ശേഷം ഒരു സർക്കാർ മെഡിക്കൽ കോളേജിൽ നിന്നുള്ള ഒരു വർഷത്തെ സീനിയർ റെസിഡൻസി.

**കുറിപ്പ്:** മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള മെഡിക്കൽ സ്ഥാപനത്തിൽ നിന്നും ഡി.എൻ.ബി.യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾ, ബിരുദാനന്തര ബിരുദ കോഴ്സ് ചെയ്യുന്ന സമയത്തോ അല്ലെങ്കിൽ ബിരുദാനന്തര ബിരുദ കോഴ്സ് പൂർത്തിയാക്കിയതിനു ശേഷം ഒരു സർക്കാർ മെഡിക്കൽ കോളേജിൽ ഒരു വർഷത്തെ സീനിയർ റസിഡൻസി പ്രോഗ്രാം ചെയ്തിരിക്കണം.

**കുറിപ്പ് :** (a) റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠനകാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പാളിൽ നിന്നും അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠന കാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
(b): ഡി.എൻ.ബി യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച മെഡിക്കൽ കോളേജിൽ നിന്നും നേടിയതായിരിക്കണം.

### കാറ്റഗറി നമ്പർ 02/2020
### മോർച്ചറി ടെക്നീഷ്യൻ ഗ്രേഡ് II

| | | |
|---|---|---|
| 1 | **വകുപ്പ്** | : മെഡിക്കൽ വിദ്യാഭ്യാസം |
| 2 | **ഉദ്യോഗപ്പേര്** | : മോർച്ചറി ടെക്നീഷ്യൻ ഗ്രേഡ് II |
| 3 | **ശമ്പളം** | : ₹ 22,200 – 48,000/ |
| 4 | **ഒഴിവുകളുടെ എണ്ണം** | : 01(ഒന്ന്) |
| 5 | **നിയമന രീതി** | : നേരിട്ടുള്ള നിയമനം. |
| 6 | **പ്രായം** | : 18–36; ഉദ്യോഗാർത്ഥികൾ |

02/01/1984നും 01012002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ )പട്ടികജാതി, പട്ടികവർഗ്ഗം , മറ്റ് പിന്നോക്ക വിഭാഗം എന്നിവർക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും.[വയസ്സിളവിനെ സംബന്ധിച്ച് മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പാർട്ട്2 പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക]

7 **യോഗ്യതകൾ:** എ) ഒരു അംഗീകൃത യൂണിവേഴ്സിറ്റിയോ ബോർഡോ നടത്തുന്ന പ്രീഡിഗ്രി(സയൻസ്)പാസ്സായിരിക്കണം.
അല്ലെങ്കിൽ
തത്തുല്യമായ യോഗ്യത.
ബി) കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ നടത്തുന്ന മെഡിക്കൽ ലബോറട്ടറി ടെക്നോളജി കോഴ്സ് പാസ്സായിരിക്കണം.
അല്ലെങ്കിൽ
തത്തുല്യമായ യോഗ്യത

### കാറ്റഗറി നമ്പർ 03/2020
### അസിസ്റ്റന്റ് മാനേജർ (മെക്കാനിക്കൽ)

| | | |
|---|---|---|
| 1 | സ്ഥാപനത്തിന്റെ പേര് | : ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡ് |
| 2 | ഉദ്യോഗപ്പേര് | : അസിസ്റ്റന്റ് മാനേജർ (മെക്കാനിക്കൽ) |
| 3 | **ശമ്പളം** | : ₹11910–19350 |
| 4 | **ഒഴിവുകളുടെ എണ്ണം** | : 01 (ഒന്ന്) |

കുറിപ്പ് : ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.
iii) ടി തസ്തികയുടെ 3% ഒഴിവുകൾ ശ്രവണ വൈകല്യം, കാഴ്ചക്കുറവ്, ചലന വൈകല്യം/ സെറിബ്രൽ പാൾസി , എന്നീ വി

ഭാഗം ഭിന്നശേഷിക്കാർക്കായി 17.10.2012 ലെ GO(P)No.61/2012/SWD ഉത്തരവ് പ്രകാരം നീക്കിവച്ചിരിക്കുന്നു.

**5 നിയമന രീതി :** നേരിട്ടുള്ള നിയമനം

6 പ്രായം: 18–36 ഉദ്യോഗാർത്ഥികൾ 02.01.1984നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും.

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം. (വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii), (iii),(iv),(vi) & (vii)നോക്കുക.)

**7. യോഗ്യതകൾ :** ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും മെക്കാനിക്കൽ എഞ്ചിനീയറിംഗിലുള്ള ബിരുദം.

**കുറിപ്പ് :** (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v) ,(viii), (ix), (x), (xi), (xii) & (xiii) എന്നീ ഉപഖണ്ഡികകളും 5,6,7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.
(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

### കാറ്റഗറി നമ്പർ: 4/2020
### പ്യൂൺ കം വാച്ചർ
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് മാത്രം)

**1 വകുപ്പ്** : കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്
**2 ഉദ്യോഗപ്പേര്** : പ്യൂൺ കം വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മാത്രം)
**3 ശമ്പളം** : ₹ 4510–6230/-(PR)
**4 ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)
**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം :** 18 –41 ഉദ്യോഗാർത്ഥികൾ 02.01.1979നും 01.01.2002നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**7 യോഗ്യതകൾ :**
1. എസ്.എസ്.എൽ.സി പാസ്സായിരിക്കണം (ബിരുദധാരികൾ അപേക്ഷിക്കുവാൻ യോഗ്യരല്ല )
2. സൈക്ളിങ് അറിഞ്ഞിരിക്കണം
3. നല്ല ആരോഗ്യശേഷി ഉണ്ടായിരിക്കണം

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

11. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/PD, 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/PD, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി) 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

### കാറ്റഗറി നമ്പർ: 5/2020
### എൽ. ഡി. ടൈപ്പിസ്റ്റ്
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)

**1 വകുപ്പ്** : കേരള സ്റ്റേറ്റ് പൽമീറ പ്രോഡക്ട്സ് ഡവലപ്മെന്റ് ആന്റ് വർക്കേഴ്സ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ് (കെൽപാം)
**2 ഉദ്യോഗപ്പേര്,** : എൽ.ഡി.ടൈപ്പിസ്റ്റ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)
**3 ശമ്പളം** : ₹ 3050 – 5230/ രൂപ
**4 ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)
**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം മാത്രം)

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം :** 18–41 ഉദ്യോഗാർത്ഥികൾ 02.01.1979നും 01.01.2002നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ :** 1. എസ്.എസ്.എൽ.സി പാസ്സാകണം. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.
2.ടൈപ്പ്റൈറ്റിംഗ്(ഇംഗ്ലീഷ്) ഹയർ (കെ.ജി.റ്റി.ഇ) , വേർഡ് പ്രോസസിംഗിലുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.
3. ടൈപ്പറൈറ്റിംഗ്(മലയാളം) ലോവർ(കെ.ജി.റ്റി.ഇ/എം.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

**കുറിപ്പ്:** 11. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/PD, 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/PD, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (സംസ്ഥാനതലം)

### കാറ്റഗറി നമ്പർ: 6/2020 – 7/2020
### മെഡിക്കൽ ഓഫീസർ(വിഷ)
### (രണ്ടാം എൻ. സി. എ. റിക്രൂട്ട്മെന്റ് )

**1 വകുപ്പ്** : ഭാരതീയ ചികിത്സാ വകുപ്പ്
**2. ഉദ്യോഗപ്പേര്** : മെഡിക്കൽ ഓഫീസർ(വിഷ)
**3. ശമ്പളം** : ₹.39,500–83,000/
**4. ഒഴിവുകളുടെ എണ്ണം** :

| ക്രമ നമ്പർ | കാറ്റഗറി നമ്പർ | സമുദായം | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1 | 06/2020 | ക്രിസ്തുമതത്തിലേക്ക് പരിവർത്തനം നടത്തിയ പട്ടികജാതിക്കാർ | 01 |
| 2 | 07/2020 | ധീവര | 01 |

മുകളിൽ സൂചിപ്പിച്ച ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 01.02.2018 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ432/2016, ഗസറ്റ് തീയതി: 30.12.2016) കാലയളവിൽ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം നടത്തിയ പട്ടികജാതിക്കാർ, ധീവര സമുദായങ്ങൾക്കുവേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവിലേക്കും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം നടത്തിയ പട്ടികജാതിക്കാർ, ധീവര സമുദായങ്ങളിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമനശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. 10.04.2019 ലെ ഗസറ്റിൽ പ്രസിദ്ധീകരിച്ച കാറ്റഗറി നമ്പർ 29/2019, 30/2019 പ്രകാരമുള്ള ഒന്നാം എൻ സി എ വിജ്ഞാപന പ്രകാരം യോഗ്യരായ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം നടത്തിയ പട്ടികജാതിക്കാർ, ധീവര സമുദായ ഉദ്യോഗാർത്ഥികളെ ലഭ്യമല്ലാത്തതിനാൽ പ്രസിദ്ധീകരിക്കുന്ന രണ്ടാം എൻ.സി. എ വിജ്ഞാപനമാണിത്.രണ്ട് കാറ്റഗറികൾക്കും പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം. ( പരിവർത്തിത ക്രിസ്ത്യാനികൾ, ധീവര വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്** :(2) ക്രിസ്തുമതത്തിലേക്ക് പരിവർത്തനം നടത്തിയ പട്ടികജാതിക്കാർ, ധീവര വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.
അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ട് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.
Hearing Impairment വിഭാഗത്തിൽപ്പെടുന്ന ഭിന്നശേഷിക്കാർ ഈ തസ്തികയിലെ തെരഞ്ഞെടുപ്പിന് അപേക്ഷിക്കുവാൻ അർഹരല്ല.

**6 പ്രായം:** 19–44. ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.2001 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ആനുകൂല്യം ഉൾപ്പെടെ )
19–46. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം നടത്തിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 18 വയസ്സിന് ശേഷം പട്ടിക ജാതിയിൽ നിന്നും ക്രിസ്തു മതത്തിലേക്ക് പരിവർത്തനം ചെയ്തവർക്കും അപ്രകാരമുള്ള മാതാപിതാക്കളുടെ സന്താനങ്ങൾക്കും ഈ തസ്തികയിലേക്ക് അപേക്ഷിക്കാം. ഉദ്യോഗാർത്ഥികൾ 02.01.1974നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)
(വയസ്സിളവിനെ സംബന്ധിച്ച ഇതര വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2(i) ഒഴികെ)

**7 യോഗ്യതകൾ** : 1) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച എം.ഡി(ആയുർവേദ) വിഷ/അഗതതന്ത്ര.
2) ട്രാവൻകൂർകൊച്ചിൻ മെഡിക്കൽ കൌൺസിലിൽ നിന്നുള്ള 'എ' ക്ലാസ് രജിസ്ട്രേഷൻ.

## ഇൻറർവ്യൂ പ്രോഗ്രാം ഫെബ്രുവരി 2020

### കെപിഎസ്സി ആസ്ഥാന ആഫീസ്, പട്ടം, തിരുവനന്തപുരം

| Sl. No | Category No | Name of Post & Dept. | Date 2020 February |
|---|---|---|---|
| 1. | 341/17 | Higher Secondary School Teacher Junior (Computer Science) - Kerala Higher Secondary Education | 12,13,14 |
| 2. | 326/17 | Assistant Public prosecutor Grade II in KeralaState Assistant Public Prosecutor's Service | 12,13,14 |
| 3. | 541/17 | Medical Officer (Ayurveda) / Assistant Insurance Medical Officer – Ayurveda in Indian Systems of Medicine/ Insurance Medical Service | 12,13,14, 26,27,28 |
| 4. | 588/17 | Senior Superintendent (SR for ST only) - Dairy Development | 26 |
| 5. | 403/17 | Farm Superintendent – Ayurveda Medical Education | 26,27,28 |
| 6. | 229/17 | Senior Superintendent / Inspector / Development Oficer / Accounts Oficer (SR for ST only) – Kerala State Insurance Department | 26, 27 |
| 7. | 468/16 | Junior Instructor (Technician Power Electronics System)–Industrial Training | 26, 27 |
| 8. | 342/18 343/18 | Personel Officer (I NCA - E/T/B) (I NCA - SC) General - Kerala co-operative Milk Marketing Federation Limited | 27 |
| 9. | 594/17 | Junior instructor (MR & AC) (SR for SC/ST)-Industrial Training Department* | 27, 28 |
| 10. | 259/18 | Lower Division Clerk (Society Category) – Kerala State Federation of SC/ST Development Co-operative Limited | 27 |
| 11. | 28/18 | Full Time Junior Language Teacher (Hindi) (SR for SC/ST) - General Education (Kollam) | 28 |

### കെപിഎസ്സി റീജിയണൽ ആഫീസ്, എറണാകുളം

| Sl. No | Category No | Name of Post & Dept. | Date 2020 February |
|---|---|---|---|
| 1. | 341/17 | Higher Secondary School Teacher Junior (Computer Science) - Kerala Higher Secondary Education | 26,27,28 |

### കെപിഎസ്സി റീജണൽ ആഫീസ്, കോഴിക്കോട്

| Sl. No | Category No | Name of Post & Dept. | Date 2020 February |
|---|---|---|---|
| 1. | 341/17 | Higher Secondary School Teacher Junior (Computer Science) - Kerala Higher Secondary Education | 26,27,28 |

* Denotes that examination was conducted Online

# എലിജിബിലിറ്റി ടെസ്റ്റ് 2019 – വിജ്ഞാപനം

## കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
## വിജ്ഞാപനം

നമ്പർ ഡി ഇ III (2) 535/19/EW — തിരുവനന്തപുരം, തീയതി: 11.12.2019

## എലിജിബിലിറ്റി ടെസ്റ്റ് 2019
## വിജ്ഞാപനം

### പൊതു നിർദ്ദേശങ്ങൾ

1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള അർഹതാ നിർണ്ണയ പരീക്ഷകൾക്ക് ഓൺലൈൻ വഴി അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു. ഓൺലൈൻ വഴി അല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ WWW.keralapsc.gov.in ലൂടെ ONE TIME REGISTRATION (OTR) പൂർത്തിയാക്കിയതിനുശേഷം പരീക്ഷാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. പരീക്ഷകൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുവേണ്ടി രജിസ്റ്റർ ചെയ്യുന്ന പരീക്ഷാർത്ഥികൾ ഒരു കാരണവശാലും വീണ്ടും രജിസ്റ്റർ ചെയ്യുവാൻ പാടുള്ളതല്ല. അവർ പ്രസ്തുത രജിസ്ട്രേഷനിലൂടെ (പ്രൊഫൈലിലൂടെ) മാത്രം ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്.
2. 2013 മുതൽ അർഹതാനിർണ്ണയ പരീക്ഷകൾ Objective Type (ONLINE) രീതിയിലാണ് നടത്തുന്നത്. ഒരു പരീക്ഷയ്ക്ക് പരമാവധി മാർക്ക് 100 ഉം വിജയിക്കുന്നതിനുള്ള മിനിമം മാർക്ക് 40 ഉം ആണ്. Negative Mark ബാധകമാണ്. ഓരോ ശരിയുത്തരത്തിനും 1 മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 (മൂന്നിലൊന്ന്) മാർക്ക് നഷ്ടമാകുകയും ചെയ്യും.

   അർഹതാ നിർണ്ണയ പരീക്ഷകൾക്ക് അപേക്ഷിക്കുന്നതിന് മുൻപായി പരീക്ഷാർത്ഥികൾ ഓൺലൈനായി ONE TIME REGISTRATION (OTR) ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് ഓരോ പരീക്ഷാർത്ഥിയും തങ്ങളുടെ വ്യക്തിപരമായ വിവരങ്ങളായ ജനന തീയതി, മേൽവിലാസം, ഔദ്യോഗിക പദവി, ഔദ്യോഗിക മേൽവിലാസം, സർവ്വീസ് കാലയളവ് മുതലായവ നൽകുന്നതോടൊപ്പം തങ്ങളുടെ ആറുമാസത്തിനകം എടുത്ത ഫോട്ടോഗ്രാഫും അപ് ലോഡ് ചെയ്യേണ്ടതാണ്. തുടർന്ന് ഒരു 'User ID' ലഭിക്കുന്നതാണ്. പരീക്ഷാർത്ഥികൾക്ക് തന്നെ 'Password' ഉം 'User ID' ഉം തെരഞ്ഞെടുക്കാവുന്നതാണ്. ഇവ രണ്ടും രഹസ്യമായി സൂക്ഷിക്കേണ്ടത് പരീക്ഷാർത്ഥികളുടെ ചുമതലയാണ്. കൂടാതെ വ്യക്തിവിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

   അപേക്ഷകർക്ക് തങ്ങളുടെ 'User ID', പാസ്സ് വേർഡ് (Password) എന്നിവ ഉപയോഗിച്ച് ഓരോ പ്രാവശ്യവും അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് അർഹതാ നിർണ്ണയ പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(a) രജിസ്ട്രേഷന് ഉപയോഗിക്കേണ്ട ഫോട്ടോയുടെ മാതൃക:

1. ഫോട്ടോ 31.12.2010ന് ശേഷം എടുത്തവയായിരിക്കണം. അപേക്ഷകന്റെ പേരും ഫോട്ടോ എടുത്ത തീയതിയും ഫോട്ടോയിൽ പ്രിന്റ് ചെയ്തിരിക്കണം.
2. പരീക്ഷാർത്ഥിയുടെ മുഖവും തോൾഭാഗവും വ്യക്തമായി പതിഞ്ഞിരിക്കത്തക്ക വിധത്തിലുള്ള കളർ/ബ്ലാക്ക് ആന്റ് വൈറ്റ് പാസ്സ്പോർട്ട് സൈസ് ഫോട്ടോയായിരിക്കണം.
3. 200 പിക്സൽ ഉയരവും, 150 പിക്സൽ വീതിയും ഉള്ളതും jpg ഫോർമാറ്റിലുള്ളതും 30kb ഫയൽ സൈസിൽ അധികരിക്കാത്തതുമായ ഇമേജുകൾ ആണ് upload ചെയ്യേണ്ടത്. അപ്രകാരമല്ലാത്ത ഇമേജുകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.
4. വെളുത്തതോ ഇളം നിറത്തിലോ ഉള്ള പശ്ചാത്തലത്തിൽ എടുത്ത് ഫോട്ടോയായിരിക്കണം (ഫോട്ടോയിലുള്ള വ്യക്തിയെ തിരിച്ചറിയാൻ സാധിക്കുന്ന തരത്തിലുള്ള പശ്ചാത്തലം ആയിരിക്കണം).
5. മുഖം നേരെയും പൂർണ്ണമായും ഫോട്ടോയുടെ മദ്ധ്യഭാഗത്ത് പതിഞ്ഞിരിക്കുന്നതുമാകണം.
6. കണ്ണുകൾ വ്യക്തമായി കാണത്തക്കവിധത്തിലായിരിക്കണം.
7. തൊപ്പി, (മതാചാരത്തിന്റെ ഭാഗമായുള്ള തൊപ്പി / ശിരോവസ്ത്രം എന്നിവയൊഴിച്ച്) ഗോഗിൾസ് എന്നിവ ധരിച്ച് എടുത്തതോ മുഖത്തിന്റെ ഒരു വശം മാത്രം കാണത്തക്കവിധത്തിലുള്ളതോ മുഖം വ്യക്തമല്ലാത്തതോ ആയ ഫോട്ടോകൾ, യൂണിഫോം ധരിച്ചുകൊണ്ടുള്ള ഫോട്ടോകൾ എന്നിവ ഉപയോഗിക്കാൻ പാടില്ല.
8. മൊബൈൽ ഫോൺ, Web Cam എന്നിവ ഉപയോഗിച്ച് എടുക്കുന്ന ഫോട്ടോയും Polaroid & Computer Generated Photo യും സ്വീകരിക്കുന്നതല്ല.
9. ഇളം നിറത്തിലുള്ള വസ്ത്രം ധരിച്ച് എടുത്ത ഫോട്ടോ ആയിരിക്കണം.

   (1–9 വരെയുള്ള നിർദ്ദേശങ്ങൾ പാലിക്കാത്ത ഫോട്ടോയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.)

(b) പരീക്ഷാർത്ഥികളുടെ പ്രൊഫൈലിൽ അവരുടെ ഫോട്ടോയോടുകൂടിയ Admission Ticket ലഭ്യമാക്കുന്നതും ആയത് Download ചെയ്ത് യഥാവിധി സാക്ഷ്യപ്പെടുത്തി പരീക്ഷയ്ക്ക് ഹാജരാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.

(c) Online Application പൂരിപ്പിക്കുന്നതിന് മുൻപ് വിജ്ഞാപനം വിശദമായി വായിച്ചിരിക്കേണ്ടതാണ്. വിജ്ഞാപനം കമ്മീഷന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

(d) പരീക്ഷയ്ക്കുള്ള സ്ഥലം, തീയതി, സമയം എന്നിവ യഥാസമയം പത്രമാധ്യമങ്ങളിലൂടെയും, പി. എസ്. സി. വെബ്സൈറ്റിലൂടെയും പരസ്യപ്പെടുത്തുന്നതാണ്. കൂടാതെ സമയ വിവരപ്പട്ടികകൾ പബ്ലിക് സർവ്വീസ് കമ്മീഷന്റെ കമ്മീഷന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. കൂടാതെ ഓരോ പരീക്ഷാർത്ഥിക്കും ആവശ്യമായി വരുന്ന പരീക്ഷയുടെ ടൈംടേബിൾ അവരവരുടെ പ്രൊഫൈലിൽ ലഭ്യമാക്കുന്നതാണ്. വ്യക്തിപരമായി പരീക്ഷാർത്ഥികൾക്ക് സമയവിവരപ്പട്ടികകൾ തപാലിൽ അയയ്ക്കുന്നതല്ല.

3. അർഹതാ നിർണ്ണയ പരീക്ഷ ബന്ധപ്പെട്ട സർവ്വീസിൽ ഉള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. അല്ലാത്തവരിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അപേക്ഷകർ ബന്ധപ്പെട്ട യോഗ്യത നിശ്ചയിച്ചിരിക്കുന്ന തസ്തികയിൽ Approved Probationer or Full Member ആയിരിക്കണം.
4. അപേക്ഷാഫീസ്: അർഹതാ നിർണ്ണയ പരീക്ഷയ്ക്ക് അപേക്ഷാ ഫീസ് ഇല്ല.

(എ) അഡ്മിഷൻ ടിക്കറ്റ് യഥാവിധി സാക്ഷ്യപ്പെടുത്തി പരീക്ഷാവേളയിൽ ഹാജരാക്കേണ്ടതാണ്. നിശ്ചിത മാതൃകയിലുള്ള ഫോട്ടോയും, കമ്മീഷന്റെ എംബ്ലവും ഉള്ള അഡ്മിഷൻ ടിക്കറ്റ് ഹാജരാക്കാത്ത പക്ഷം പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല. അഡ്മിഷൻ ടിക്കറ്റ് സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക പദവിയും വിലാസവും, ഒപ്പിനു താഴെ രേഖപ്പെടുത്തേണ്ടതും നിശ്ചിത സ്ഥലത്ത് ഓഫീസ് സീൽ പതിപ്പിക്കേണ്ടതുമാണ്. ആഫീസ് സീൽ ഔദ്യോഗിക പദവിയ്ക്ക് തെളിവായി സ്വീകരിക്കപ്പെടുന്നതല്ല.

(ബി) പരീക്ഷാസമയത്ത് യഥാവിധി സാക്ഷ്യപ്പെടുത്തിയ അഡ്മിഷൻ ടിക്കറ്റ് ഹാജരാക്കാത്ത പരീക്ഷാർത്ഥികളെ യാതൊരു കാരണവശാലും പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല. പരീക്ഷാസമയത്ത് ന്യൂനതയുള്ള അഡ്മിഷൻ ടിക്കറ്റുകൾ ഹാജരാക്കുന്ന പരീക്ഷാർത്ഥികൾക്ക് ന്യൂനത പരിഹരിക്കുവാൻ പിന്നീട് അവസരം നൽകുന്നതല്ല.

5. അർഹതാ നിർണ്ണയ പരീക്ഷയ്ക്ക് ജയിക്കുന്നതിനാവശ്യമായ ഏറ്റവും കുറഞ്ഞ മാർക്ക് 40% (നാൽപ്പത് ശതമാനം) ആണ്.

(a) ടെസ്റ്റുകളിൽ പ്രായോഗിക പരീക്ഷകൾ ഉണ്ടെങ്കിൽ തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ എന്നീ സ്ഥലങ്ങളിൽ വച്ചോ കമ്മീഷൻ സൗകര്യപ്രദമായി തെരഞ്ഞെടുക്കുന്ന മറ്റേതെങ്കിലും കേന്ദ്രത്തിൽ വച്ചോ നടത്തുന്നതായിരിക്കും. പ്രായോഗിക പരീക്ഷ നടത്തുന്ന സ്ഥലവും തീയതിയും യഥാസമയം പ്രസിദ്ധപ്പെടുത്തുന്നതാണ്.

6. മൊബൈൽ ഫോൺ, ബ്ലൂടൂത്ത്, വാക്ക്മാൻ, കാൽക്കുലേറ്റർ തുടങ്ങി വിവരവിനിമയത്തിനുള്ള എല്ലാ ഇലക്ട്രോണിക്സ് ഉപകരണങ്ങളും പരീക്ഷാ ക്യാമ്പസിൽ കർശനമായി നിരോധിച്ചിരിക്കുന്നു. ഇത്തരം ഉപകരണങ്ങൾ പരീക്ഷാ ഹാളിനുള്ളിൽ കൈവശം വയ്ക്കുന്ന പരീക്ഷാർത്ഥികളുടെ ഉത്തരക്കടലാസുകൾ അസാധുവാക്കുന്നത് ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ കമ്മീഷൻ കൈക്കൊള്ളുന്നതാണ്.
7. പരീക്ഷാ കേന്ദ്രത്തിൽ ചീഫ് സൂപണ്ടിനോടോ അസിസ്റ്റന്റ് സൂപ്രണ്ടിനോടോ അഡീഷണൽ സൂപ്രണ്ടിനോടോ അപമര്യാദയായി പെരുമാറുകയോ പരീക്ഷയിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കാണിക്കുകയോ പരീക്ഷാഹാളിൽ ബുക്കുകൾ, ഗൈഡുകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ തുടങ്ങിയവ കൊണ്ടുവരികയോ ചെയ്യുന്നവരുടെ ഉത്തരക്കടലാസുകൾ അസാധുവാക്കുന്നതാണ്. അതിനു പുറമെ അവരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിശ്ചയിക്കുന്ന കാലത്തോളം അർഹതാ നിർണ്ണയ പരീക്ഷകൾ എഴുതുന്നതിൽ നിന്നും വിലക്കുന്നതാണ്. മേൽപ്പറഞ്ഞ നടപടികൾക്കു പുറമേ മറ്റ് ഉചിതമായ നടപടികൾക്കായി വകുപ്പു മേധാവികളേയും വിജിലൻസ് ഡിപ്പാർട്ട്മെന്റ് ഡയറക്ടറേയും അറിയിക്കുന്നതാണ്. കമ്മീഷനംഗങ്ങളെയോ കമ്മീഷൻ സ്റ്റാഫിൽപ്പെട്ട ആരെയെങ്കിലുമോ പരീക്ഷകനെയോ പരീക്ഷ സംബന്ധിച്ച കാര്യങ്ങൾക്കായി സ്വാധീനിക്കുവാൻ ശ്രമിക്കുകയോ അതിന് മറ്റാരെയെങ്കിലും നിയോഗിക്കുകയോ ചെയ്യുന്നവർക്കും മേൽപ്പറഞ്ഞ ശിക്ഷ നൽകുന്നതാണ്.
8. പരീക്ഷയുടെ സെന്ററുകൾ മാറ്റിക്കിട്ടണമെന്നുള്ള അപേക്ഷകൾ സാധാരണഗതിയിൽ പരിഗണിക്കുന്നതല്ല. എന്നാൽ ട്രാൻസ്ഫർ/ട്രെയിനിംഗ് കാരണം പരീക്ഷാ സെന്റർ മാറ്റികിട്ടണമെന്ന് ആഗ്രഹിക്കുന്നവർ അഡ്മിഷൻ ടിക്കറ്റ് കിട്ടിയതിനുശേഷം ബന്ധപ്പെട്ട ഉത്തരവ് സഹിതം പരീക്ഷാ തീയതിയ്ക്കു ഒരാഴ്ച മുമ്പു തന്നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഡിപ്പാർട്ട്മെന്റൽ പരീക്ഷാ വിഭാഗം ജോയിന്റ് സെക്രട്ടറിക്ക് അപേക്ഷ നൽകി ഉത്തരവ് സമ്പാദിക്കേണ്ടതാണ്. കമ്മീഷന്റെ ആഫീസിൽ നിന്നും ലഭിക്കുന്ന രേഖാമൂലമായ അനുവാദം കൂടാതെ സെന്റർ മാറി പരീക്ഷയെഴുതുന്ന പരീക്ഷാർത്ഥികളുടെ ഉത്തരക്കടലാസുകൾ അസാധുവാക്കപ്പെടുന്നതാണ്. പരീക്ഷാർത്ഥികൾക്ക് തങ്ങളുടെ ഇഷ്ടപ്രകാരം പരീക്ഷാ കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നതിന് ഒരു കാരണവശാലും സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതല്ല. അർഹതാ നിർണ്ണയ പരീക്ഷാ സംബന്ധമായുള്ള എഴുത്തുകുത്തുകളെല്ലാം ജോയിന്റ് സെക്രട്ടറി (വകുപ്പുതല പരീക്ഷാ വിഭാഗം), കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം, പിൻ കോഡ് 695 004 എന്ന വിലാസത്തിൽ ആയിരിക്കേണ്ടതാണ്.
9. താഴെ പറയുന്ന ന്യൂനതകളുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.
   1) നിർദ്ദേശപ്രകാരമല്ലാത്ത ഫോട്ടോയോടുകൂടിയ അപേക്ഷകൾ.
   2) അപേക്ഷയിലും ഫോട്ടോയിലും സർട്ടിഫിക്കറ്റിലും ഉള്ള പേരിലുള്ള വ്യത്യാസം.

   പ്രസ്തുത ന്യൂനതകൾ ഏതെങ്കിലും ഘട്ടത്തിൽ കണ്ടെത്തുകയാണെങ്കിൽ അറിയിപ്പൊന്നും കൂടാതെ അപേക്ഷ നിരസിക്കുവാനും ഉത്തരക്കടലാസുകൾ അസാധുവാക്കുവാനും കമ്മീഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
10. താഴെ പറയുന്ന ന്യൂനതകളുള്ള ഉത്തരക്കടലാസുകൾ അസാധുവാക്കുന്നതാണ്.
    1) അഡ്മിഷൻ ടിക്കറ്റിലെ സാക്ഷ്യപ്പെടുത്തലുകൾ യഥാവിധി നിർവ്വഹിക്കാതിരിക്കുക.
    2) അഡ്മിഷൻ ടിക്കറ്റ് പ്രകാരം അനുവദിക്കാത്ത പരീക്ഷ എഴുതുക.
    3) ഫോട്ടോ വ്യക്തമാകാത്ത അഡ്മിഷൻ ടിക്കറ്റ് ഹാജരാക്കുക.
11. അർഹതാ നിർണ്ണയ പരീക്ഷകൾക്ക് ഓൺലൈനായി സമർപ്പിച്ച അപേക്ഷകളിൽ ആദ്യഘട്ട സൂക്ഷ്മ പരിശോധനയിൽ സാധുവായി കണ്ടെത്തുന്നവരെ മാത്രം സോപാധികമായി പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതാണ്. പരീക്ഷാ സമയത്ത് ഉദ്യോഗാർത്ഥികൾ ഹാജരാക്കുന്ന അഡ്മിഷൻ ടിക്കറ്റ് പരിശോധിച്ച ശേഷം ക്രമപ്രകാരം എന്ന് കണ്ടെത്തുന്നവരുടെ മാത്രം പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതാണ്.
12. അപേക്ഷകനെ സംബന്ധിക്കുന്ന വിവരങ്ങൾക്ക് തെളിവായി വകുപ്പു മേധാവി ആഫീസ് മേധാവി നൽകുന്ന സാക്ഷ്യപത്രമാണ് സ്വീകരിക്കുന്നത്. എന്നാൽ തെറ്റായി സാക്ഷ്യപത്രം നൽകി പരീക്ഷ എഴുതി വിജയിച്ച ഉദ്യോഗാർത്ഥികളുടെ പരീക്ഷാഫലം മുൻകാലപ്രാബല്യത്തോടെ റദ്ദ് ചെയ്യുന്നതിന് കമ്മീഷന് അധികാരം ഉണ്ടായിരിക്കും. ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നവർ ക്കെതിരെ കമ്മീഷന് യുക്തമെന്നു തോന്നുന്ന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനു പുറമെ, വകുപ്പുതല ശിക്ഷണ നടപടികൾക്ക് അതതു വകുപ്പുകളിലേയ്ക്ക് ശുപാർശ നൽകുന്നതുമായിരിക്കും.
13. അപേക്ഷകൾ വിജയകരമായി സമർപ്പിച്ചു (Successfully Uploaded/Received) എന്നതു കൊണ്ട് അപേക്ഷകൾ അന്തിമമായി സ്വീകരിക്കപ്പെട്ടു എന്ന് ധരിക്കേണ്ടതില്ല. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തിയതിന് ശേഷം മാത്രമേ അപേക്ഷകളുടെ സ്വീകാര്യത സംബന്ധിച്ച് അറിയുവാൻ സാധിക്കുകയുള്ളൂ. സ്വീകാര്യമായ അപേക്ഷകൾ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്ക് അവരവരുടെ പ്രൊഫൈലിൽ നിന്നും അഡ് മിഷൻ ടിക്കറ്റ് സ്വന്തമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്.
- ഫ്രഞ്ച് സംവിധായികയായിരുന്ന ആഗ്നസ് വർദ അന്തരിച്ചു
- മുൻ തായ്‌ലൻഡ് പ്രധാനമന്ത്രി പ്രേം തിൻസൂലനൊന്ദ അന്തരിച്ചു
- മുൻ ഈജിപ്ഷ്യൻ പ്രസിഡന്റ് മുഹമ്മദ് മുർസി അന്തരിച്ചു
- വിഖ്യാത അമേരിക്കൻ എഴുത്തുകാരിയും നോബൽ, പുലിസ്റ്റർ സമ്മാനജേത്രിയുമായ ടോണി മോറിസൺ അന്തരിച്ചു



- ആമസോൺ വനസംരക്ഷക പ്രവർത്തകൻ പൗലോ പൊളീനോ കൊല്ലപ്പെട്ടു. ഇദ്ദേഹത്തെ വനം കൊള്ളക്കാർ വെടിവച്ചു കൊല്ലുകയായിരുന്നു.
- കാറോട്ടത്തിൽ ലോകത്തിലെ വേഗമേറിയ വനിതയാകാനുള്ള ശ്രമത്തിനിടെ അന്തരിച്ച യു.എസ്. റേസ് കാർ ഡ്രൈവറും ടെലിവിഷൻ അവതാരകയുമായ വ്യക്തി - ജെസി കോംസ്
- മൂന്നരപതിറ്റാണ്ടിലേറെ സിംബാബ്‌വേയെ നയിച്ച മുൻ പ്രസിഡന്റ് റോബർട്ട് മുഗാബേ അന്തരിച്ചു. (1980 ൽ സ്വാതന്ത്ര്യാനന്തര സിംബാബ്‌വേയിൽ അധികാരമേറ്റ മുഗാബേ 2017 വരെ പ്രസിഡന്റായി തുടർന്നു)
- സംഗീതപരിപാടി അവതരണത്തിനിടയിലുള്ള കരിമരുന്നു പ്രയോഗത്തിനിടെ സംഭവിച്ച അപകടത്തിൽ മരണമടഞ്ഞ സ്പാനിഷ് പോപ്പ് ഗായിക - യൊവാന സായിൻസ് ഗാർസ്യ (മാഡ്രിഡിലെ ലസ് ബെർലാനസിൽ ആയിരത്തിൽപ്പരം സംഗീതാസ്വാദകരുടെ മുമ്പിൽ തന്റെ സൂപ്പർ ഹോളിവുഡ് ഓർക്കസ്ട്ര സംഘത്തിനൊപ്പം പരിപാടി അവതരിപ്പിക്കുന്നതിനിടയിലായിരുന്നു അപകടം).
- ഇന്തോനീഷ്യ മുൻപ്രസിഡന്റ് ബച്ചാറുദ്ദീൻ യൂസുഫ് ഹബീബി അന്തരിച്ചു
- 23 വർഷം ടുണീഷ്യ ഭരിച്ച മുൻ പ്രസിഡന്റ് സൈനൈൽ ബ്ദീൻ ബെൻ അലി അന്തരിച്ചു
- ജപ്പാൻ മുൻ പ്രധാനമന്ത്രി നകാസോണെ അന്തരിച്ചു. 1982 മുതൽ 1987 വരെയാണ് പ്രധാനമന്ത്രി പദത്തിൽ ഉണ്ടായിരുന്നത്.

Plus Points

# ഇരുപതാം നൂറ്റാണ്ട് - 21

**ശ്രീകുമാർ എ**

**1976 സെപ്തംബർ 2:** പ്രശസ്ത മറാത്തി സാഹിത്യകാരനായിരുന്ന വിഷ്ണു സഖാറാം ഖാണ്ഡേക്കർ അന്തരിച്ചു. മഹാരാഷ്ട്രയിലെ സാംഗ്ലിയിൽ ജനിച്ചു. യയാതി, ഉൽക്കാ, ഹിറവ ചാഫാ, പെഹ്‌ലെ പ്രേം അശ്രു തുടങ്ങിയവ പ്രധാന കൃതികളാണ്. 1968ൽ പത്മഭൂഷൻ ലഭിച്ചു. ജ്ഞാനപീഠ പുരസ്കാരം നേടുന്ന ആദ്യ മറാത്ത സാഹിത്യകാരനാണ്.



**1977 മാർച്ച്:** ഇന്ത്യയിൽ ആദ്യമായി കോൺഗ്രസിതര മന്ത്രിസഭ അധികാരമേറ്റു. പൊതുതിരഞ്ഞെടുപ്പിൽ ഇന്ദിരാഗാന്ധിയുടെ പരാജയത്തെ തുടർന്ന് മൊറാർജിദേശായി ഇന്ത്യയുടെ നാലാമത്തെ പ്രധാന മന്ത്രിയായി. 1977 മുതൽ 1979 വരെയായിരുന്നു കാലഘട്ടം. ജനതാ പാർടിയുടെ നേതൃത്വത്തിലാണ് മന്ത്രിസഭ രൂപീകരിച്ചത്.

**ഫെബ്രുവരി 11:** 1974 മുതൽ 1977 വരെ സ്വാതന്ത്ര്യഇന്ത്യയുടെ രാഷ്ട്രപതിയായിരുന്ന ഫക്രുദീൻ അലി അഹമ്മദ് അന്തരിച്ചു. 1905 മേയ് 13ന് ജനിച്ചു. ഇരുപതാം നൂറ്റാണ്ടിൽ ജനിച്ച ആദ്യത്തെ ഇന്ത്യൻ രാഷ്ട്രപതി 1975ൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച രാഷ്ട്രപതി, അസമിൽ ഗോപിനാഥ ബർദലോയി മന്ത്രിസഭയിൽ ധനകാര്യവകുപ്പ് മന്ത്രിയായ ശേഷം രാഷ്ട്രപതിയായ വ്യക്തി എന്നീ പ്രത്യേകതകളുണ്ട്. 1975ൽ യുഗോസ്ലവ്യ യൂണിവേഴ്സിറ്റി ഓഫ് പ്രസ്റ്റീന ഡോക്ടറേറ്റ് നൽകി ആദരിക്കുകയുണ്ടായി.

**മാർച്ച് 22:** കേരളത്തിലെ ഒരു കമ്യൂണിസ്റ്റ് നേതാവായിരുന്ന എ കെ ഗോപാലൻ അന്തരിച്ചു. ആയില്യത്ത് കുറ്റ്യാരി ഗോപാലൻ നമ്പ്യാർ എന്നാണ് പൂർണനാമം. 1904 ഒക്ടോബർ 1-ാം തീയതി വടക്കൻ കേരളത്തിലെ കണ്ണൂർ ജില്ലയിൽ പെരളശ്ശേരിക്കടുത്ത് മക്രേരി ഗ്രാമത്തിലെ ആയില്യത്ത് കുറ്റ്യേരി എന്ന ജന്മി തറവാടിലായിരുന്നു ജനനം.



സ്വാതന്ത്ര്യസമരസേനാനി, സാമൂഹിക പ്രവർത്തകൻ, തൊഴിലാളി നേതാവ്, ഇന്ത്യൻ കോഫി ഹൗസിന്റെ സ്ഥാപകൻ എന്നീ വിശേഷണങ്ങളുണ്ട്. ഇന്ത്യയിൽ ആദ്യമായി കരുതൽ തടങ്കൽ നിയമപ്രകാരം തടവിലായ വ്യക്തി എ കെ ഗോപാലനാണ്. ഗുരുവായൂർ സത്യാഗ്രഹം, ഉപ്പ് സത്യാഗ്രഹം എന്നിവയിൽ സജീവ സാന്നിധ്യം. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിലൂടെയാണ് രാഷ്ട്രീയരംഗത്ത് പ്രവേശിച്ചത്. പഞ്ചാബിൽ ജലനികുതിക്കെതിരെ നടന്ന സമരത്തിൽ അറസ്റ്റുവരിച്ചു. അഞ്ചുതവണ ലോകസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

**1978 ജനുവരി 1:** മുംബൈയിൽനിന്ന് തിരിച്ച എയർ ഇന്ത്യ ഫ്ളൈറ്റ് 855 അറബിക്കടലിൽ തകർന്നു വീണു. ജീവനക്കാരും 213 യാത്രക്കാരുൾപ്പെടെ എല്ലാവരും വിമാനാപകടത്തിൽ മരണമടഞ്ഞു.

**നവംബർ 7:** ഇന്ദിരാഗാന്ധി വീണ്ടും പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

**നവംബർ 18:** ബംഗാളി സിനിമാസംവിധായകനും നടനും സംവിധായകനുമായിരുന്ന ധീരേന്ദ്രനാഥ് ഗാംഗുലി അന്തരിച്ചു. ദാദാസാഹബ് ഫാൽക്കെ അവാർഡ് പത്മഭൂഷൺ എന്നീ ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

**1979 ജനുവരി 1:** മണ്ഡൽ കമ്മീഷൻ ഔദ്യോഗികമായി രൂപം കൊണ്ടു. അന്നത്തെ പ്രധാനമന്ത്രി മൊറാർജി ദേശായിയുടെ നിർദേശപ്രകാരം ഇന്ത്യയിൽ സാമൂഹികമോ വിദ്യാഭ്യാസപരമോ പിന്നോക്കം നിൽക്കുന്നവരെ തിരിച്ചറിയുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച ഇന്ത്യയിലെ രണ്ടാം പിന്നോക്ക വിഭാഗ കമ്മീഷനായിരുന്നു. മുൻ ബീഹാർ മുഖ്യമന്ത്രിയായിരുന്ന ബിന്ദേശ്വരി പ്രസാദ് മണ്ഡൽ ആയിരുന്നു ഇതിന്റെ അധ്യക്ഷൻ. മണ്ഡലിനെ കൂടാതെ മറ്റ് അഞ്ച് പേർ കൂടി കമ്മീഷനിൽ അംഗമായിരുന്നു.

1980 ഡിസംബർ 31 ന് ഇന്ത്യൻ രാഷ്ട്രപതി ഗ്യാനി സെയിൽ സിങ്ങിന് കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിലെ പ്രധാന നിർദേശം പിന്നോക്ക വിഭാഗങ്ങൾക്ക് സർക്കാർ നിയമനങ്ങളിൽ 27% സംവരണം ഏർപ്പെടുത്തണം എന്നതായിരുന്നു. "തുല്യരായവർക്കിടയിൽ മാത്രമേ തുല്യതയുണ്ടാവൂ. തുല്യരല്ലാത്തവരെ തുല്യരായി കാണുന്നത് തുല്യതയില്ലായ്മയെ പ്രോത്സാഹിപ്പിക്കുക മാത്രമേ ചെയ്യൂ"- എന്നതാണ് റിപ്പോർട്ടിന്റെ ആമുഖ വാക്കുകൾ. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയത് സ്വതന്ത്ര ഇന്ത്യയുടെ പത്താമത്തെ പ്രധാനമന്ത്രിയായിരുന്ന വി പി സിങ് ആണ്.

**1979 ആഗസ്ത് 18:** മഹാരാഷ്ട്ര മുഖ്യമന്ത്രിയായിരുന്ന വസന്ത്റാവു നായിക് അന്തരിച്ചു. 1963 മുതൽ 1975 വരെ മുഖ്യമന്ത്രിയായിരുന്നു. 1952 മുതൽ 1957 വരെ മധ്യപ്രദേശിലെ എംഎൽഎ ആയിരുന്ന അദ്ദേഹം റവന്യൂ ഡെപ്യൂട്ടി മിനിസ്റ്ററായി നിയമിതനായി. 1960 മുതൽ 1963 വരെ മഹാരാഷ്ട്ര ഗവൺമെന്റിൽ റവന്യൂ മന്ത്രിയായിരുന്നു. മഹാരാഷ്ട്രയിലെ ഹരിതവിപ്ലവത്തിന്റെ പിതാവായാണ് അറിയപ്പെടുന്നത്. 1977ൽ ലോകസഭാംഗമായും തിരഞ്ഞെടുക്കപ്പെട്ടു.



# കൂടിയാട്ടം

ഡോ. ഡി മായ

കേരളീയ ശൈലിയിലുള്ള സംസ്കൃത നാടകാവതരണമാണ് കേരളത്തിലെ ഏറ്റവും പഴക്കമേറിയ അഭിനയ സമ്പ്രദായമായ കൂടിയാട്ടം. മഹാക്ഷേത്രങ്ങളിലെ കൂത്തമ്പലങ്ങളിൽ മാത്രമേ തികച്ചും ക്ഷേത്രകല കൂടിയായ കൂടിയാട്ടം അവതരിപ്പിക്കാറുള്ളൂ. അഭിനയത്തിന്റെ സകല സൂക്ഷ്മാംശങ്ങളിലും ഏറെ ശ്രദ്ധ പതിപ്പിച്ചുകൊണ്ടുള്ള സങ്കീർണ്ണമായ നാടകാഭിനയം ഭരതമുനിയുടെ നാട്യശാസ്ത്രത്തിന്റെ പിൻബലത്തോടെയാണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്. അഭിനയപ്രധാനമായ നാടകം, ആംഗികപ്രധാനമായ കഥകളി, വാച്യപ്രധാനമായ കൂത്ത് ഇവയെല്ലാം കൂടി സമ്മേളിക്കുന്നതാണ് ഈ സകലകല. വളരെ വിസ്തരിച്ചുള്ള അഭിനയമാണ് എന്നതിനാൽ ഒരു സംസ്കൃത നാടകത്തിലെ ഒരങ്കം മാത്രമാണ് ദിവസങ്ങൾ നീണ്ടുനിൽക്കുന്ന അഭിനയത്തിലൂടെ രംഗത്ത് അവതരിപ്പിക്കുന്നത്. അഭിനയത്തികവിന്റെ കലാരൂപമായതിനാൽ യുനെസ്കോ പൈതൃകകലകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിൽ ചാക്യാൻമാരുടെയും നമ്പ്യാൻമാരുടെയും അവകാശമാണ് കൂടിയാട്ടാവതരണം. ഓരോ ക്ഷേത്രത്തിലും കൂടിയാട്ടം അവതരിപ്പിക്കാൻ പ്രത്യേകം കുടുംബക്കാരെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അങ്ങേയറ്റം കൃത്യതയോടെയും പരിശ്രമത്തോടെയുമാണ് കൂടിയാട്ടം അഭ്യസിക്കുന്നത്. രസഭാവാഭിനയങ്ങളുടെ പരിസ്ഫൂർത്തിയാണ് അഭിനേതാവിന്റെ ലക്ഷ്യം. ആംഗികം, സാത്വികം, ആഹാര്യം, വാചികം തുടങ്ങി ഓരോ അംശത്തിലും പൂർണ്ണത വരുത്തി രസാഭിനയത്തിൽ വൈദഗ്ധ്യം നേടുകയാണ് ചെയ്യുന്നത്. നമ്മുടെ ഒന്നാംകിട കഥകളി നടന്മാരിൽ പലരും ചാക്യാൻമാർക്ക് ശിഷ്യപ്പെട്ടാണ് രസാഭിനയത്തിൽ വൈദഗ്ധ്യം നേടിയത് എന്ന് പരക്കെ അംഗീകരിക്കപ്പെട്ടിരുന്നു. ഈശ്വര പിള്ള വിചാരിപ്പുകാർ അമ്മന്നൂർ പരമേശ്വര ചാക്യാൻമാരുടെ കീഴിലും തോട്ടം ശങ്കരൻ നമ്പൂതിരി കൊച്ചുനാരായണച്ചാക്യാരുടെ കീഴിലും രസാഭിനയം അഭ്യസിച്ചിട്ടുണ്ട്.

കൂടിയാട്ടം കൂത്തമ്പലങ്ങളിൽ മാത്രമാണ് നടത്തുന്നത്. കേരളത്തിൽ പൊതുവേ കൂത്തമ്പലത്തിന് ദീർഘചതുരാകൃതിയാണ് സ്വീകരിച്ചിട്ടുള്ളത്. പകുതിഭാഗം പ്രേക്ഷകർക്കിരിക്കാനും ബാക്കി പകുതി രണ്ടായിപ്പകുത്ത് മുൻവശം രംഗപീഠവും പിൻവശം അണിയറയുമാക്കുന്നു. രംഗപീഠത്തിനു പിന്നിൽ മിഴാവു വയ്ക്കുന്നു. അണിയറയിൽ നിന്നും രംഗപീഠത്തേയ്ക്ക് രണ്ടു വാതിലുകൾ ഉണ്ട്. കൊത്തുപണികളാൽ അലംകൃതമായ തൂണുകൾ താങ്ങി നിർത്തുന്ന മേൽക്കട്ടി രംഗപീഠത്തിന്റെ പ്രത്യേകതയാണ്. കേരളത്തിലെ കൂത്തമ്പലങ്ങളുടെ വലിപ്പവും മറ്റും നാട്യശാസ്ത്രവിധിയുമായി പൊരുത്തപ്പെടുന്നില്ല എന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിലെ കൂത്തമ്പലങ്ങൾ തന്ത്രസമുച്ചയം, ശില്പരത്നം എന്നീ കേരളീയ ഗ്രന്ഥങ്ങളിലെ നിബന്ധനയ്ക്കനുസരിച്ച് പണിതിട്ടുള്ളവയാണ്. തൃശൂർ വടക്കുന്നാഥക്ഷേത്രം, ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രം, അമ്പലപ്പുഴ ശ്രീകൃഷ്ണക്ഷേത്രം, ഹരിപ്പാട് സുബ്രഹ്മണ്യസ്വാമി ക്ഷേത്രം എന്നിവിടങ്ങളിൽ കൂത്തമ്പലങ്ങൾ കാണാം.

**കേരളീയ ശൈലിയിലുള്ള സംസ്കൃത നാടകാവതരണമാണ് കേരളത്തിലെ ഏറ്റവും പഴക്കമേറിയ അഭിനയ സമ്പ്രദായമായ കൂടിയാട്ടം. മഹാക്ഷേത്രങ്ങളിലെ കൂത്തമ്പലങ്ങളിൽ മാത്രമേ തികച്ചും ക്ഷേത്രകല കൂടിയായ കൂടിയാട്ടം അവതരിപ്പിക്കാറുള്ളൂ. അഭിനയത്തിന്റെ സകല സൂക്ഷ്മാംശങ്ങളിലും ഏറെ ശ്രദ്ധ പതിപ്പിച്ചുകൊണ്ടുള്ള സങ്കീർണ്ണമായ നാടകാഭിനയം ഭരതമുനിയുടെ നാട്യശാസ്ത്രത്തിന്റെ പിൻബലത്തൊടെയാണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്. അഭിനയപ്രധാനമായ നാടകം, ആംഗികപ്രധാനമായ കഥകളി, വാച്യപ്രധാനമായ കൂത്ത് ഇവയെല്ലാം കൂടി സമ്മേളിക്കുന്നതാണ് ഈ സകലകല.**



കൂടിയാട്ടത്തിൽ നടൻ അനുസരിക്കുന്നത് ആട്ടപ്രകാരങ്ങളേയും ക്രമദീപികകളേയുമാണ്. പേരുകൾ സൂചിപ്പിക്കുന്നതുപോലെ ആടുവാനുള്ള പ്രകാരവും അതിനു ദീക്ഷിക്കേണ്ടുന്ന ക്രമങ്ങളുമാണ് ഈ കൃതിയിൽ പ്രതിപാദിക്കുന്നത്. സംസ്കൃതനാടകങ്ങൾ അവതരിപ്പിക്കുമ്പോൾ കാലങ്ങളായി നടൻമാർ അനുവർത്തിച്ചുപോരുന്ന അഭിനയവിധമാണ് ആട്ടപ്രകാരം. സംസ്കൃത നാടകത്തിന്റെ മലയാളത്തിലുള്ള വാക്യാർത്ഥാഭിനയ വിവർത്തനം കൂടിയാണ് ഇത്. രസാഭിനയ സമ്പ്രദായങ്ങൾ, ക്രിയ, സ്വരം, താളം, ചടങ്ങുകൾ എന്നിങ്ങനെ വിസ്തരിച്ച് ആടാനുള്ള എല്ലാ സൂക്ഷ്മാംശങ്ങളും ആട്ടപ്രകാരത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. വേഷവിധാന വ്യവസ്ഥകൾ, ഒരു കഥാപാത്രം മറ്റൊരാളായി അഭിനയിക്കാനുള്ള വ്യവസ്ഥകൾ കഥാബന്ധം എന്നിവയാണ് ക്രമദീപികയിൽ ചേർത്തിട്ടുള്ളത്.

നടൻ സ്വയം മറന്ന് കഥാപാത്രമായി മാറുന്നതൊടെയാണ് കൂടിയാട്ടത്തിൽ സാത്വികാഭിനയം ആരംഭിക്കുന്നത്. ചാക്യാർ വിളക്കിൻനാളത്തെ നിർമേഷനായി ധ്യാനിക്കുന്നതൊടെ സ്വത്വം വിട്ട് കഥാപാത്രമായി മാറുകയാണ്. കഥാപാത്രത്തിന്റെ സ്ഥായിഭാവം ഉൾക്കൊള്ളുന്ന ചിട്ട ഇതാണ്. സുഗ്രീവനാണ് കഥാപാത്രമെങ്കിൽ വാനരസ്തോഭം അഭിനയിച്ച് വാനരന്റെ സ്ഥായിയിലേക്കും ജടായുവാണ് കഥാപാത്രമെങ്കിൽ പക്ഷിസ്തോഭം അഭിനയിച്ച് അതിന്റെ സ്ഥായിയിലേയ്ക്കും കടക്കും.

മുദ്രകാണിക്കുന്നതിന്റെ അതിവിശദമായ ചർച്ച നാട്യശാസ്ത്രത്തിലും ഹസ്തലക്ഷണദീപികയിലും കാണാം. തലയുടെ ചലനം 13 വിധത്തിലും ദൃഷ്ടികൾ 36 വിധത്തിലും കൃഷ്ണമണിയുടെ ഗതി മാത്രം ഒൻപത് വിധത്തിലും നോട്ടം എട്ടുതരത്തിലും തുടങ്ങി അഭിനയത്തിന്റെ അതിസൂക്ഷ്മതലങ്ങളിലാണ് വ്യവസ്ഥകൾ ചേർത്തിട്ടുള്ളത്. ഒറ്റക്കൈകൊണ്ട് കാണിക്കുന്ന മുദ്രകൾ 24, രണ്ടു കൈകൊണ്ട് കാണിക്കുന്നവ 13 തുടങ്ങി ശരീരത്തിന്റെ ഓരോ അംശത്തിനും ഉള്ള അഭിനയം ചിട്ടപ്പെടുത്തിയിട്ടുണ്ട്.

ആംഗികാഭിനയത്തിലെന്നപൊലെ സൂക്ഷ്മമായ നിബന്ധനകൾ വാചികത്തിലും ഉണ്ട്. അഭിനയത്തിന്റെ കാതലായ ഭാഗം വാക്ക് ആണ്. എങ്ങനെ സംബോധനകൾ ചെയ്യണം. ഓരോ സ്വരവും എവിടെ തുടങ്ങി എത്ര ഉയർന്ന് എവിടെ അവസാനിക്കണം തുടങ്ങിയവ ശബ്ദത്തിന്റെ ആരോഹണ അവരോഹണ ക്രമങ്ങൾ സഹിതം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടിയാട്ടത്തിൽ നായകൻ സംസ്കൃത ശ്ലോകങ്ങളാണ് ചൊല്ലുന്നത്. വിദൂഷകനും സ്ത്രീകഥാപാത്രത്തിനും ഭാഷ പ്രാകൃതവും.

രംഗസജ്ജീകരണം ലളിതമാണ്. കുലവാഴ, ഇളനീർക്കുല, കുരുത്തോല എന്നിവകൊണ്ട് രംഗം അലങ്കരിക്കുന്നു. നിലവിളക്ക്, നിറപറ, പീഠം ഇത്രയുംമതി രംഗസാമഗ്രികൾ. കഥകളിയിലെ വേഷവിധാനത്തിന് കൂടിയാട്ടത്തോട് വളരെയധികം കടപ്പാടുണ്ട്. പച്ച, പഴുക്ക എന്നിങ്ങനെ രണ്ടുതരത്തിലാണ് നായകവേഷം. സ്ത്രീകൾ പഴുക്കയാണ്. കൂത്തുപറയാനെത്തുന്ന ചാക്യാരുടെ ചമയങ്ങളാണ് വിദൂഷകൻ അണിയുക.

ഉടലിൽ അണിയേണ്ട ആഭരണങ്ങൾ, ഉടലിൽ പൂശേണ്ട നിറങ്ങൾ, ഓരോനിറത്തിനും അഭിവ്യഞ്ജിപ്പിക്കുവാനാകുന്ന രസങ്ങൾ, കിരീടങ്ങളുടെ ഇനഭേദങ്ങൾ, അടിസ്ഥാന നിറങ്ങൾ കൂട്ടിച്ചേർത്ത് ഭിന്നരസങ്ങൾ ജനിപ്പിക്കുന്ന രീതി തുടങ്ങി കൂടിയാട്ടത്തിന്റെ എല്ലാ അംശത്തിലും നാട്യാചാര്യന്മാരുടെ ശ്രദ്ധ പതിഞ്ഞിട്ടുണ്ട്. മിഴാവും കുഴിത്താളവുമാണ് പക്കമേളത്തിന് പ്രധാനമായും ഉപയോഗിക്കുന്നത്.

ചാക്യാരുടെ ധ്യാനത്തിനും നമ്പ്യാരുടെ വിളക്കു

കൊളുത്തലിനും ശേഷം മിഴാവ് ഒച്ചപ്പെടുത്തുന്നു. നങ്ങ്യാരുടെ ഗണപതി സരസ്വതി ശിവസ്തുതികൾക്ക് അക്കിത്ത് ചൊല്ലൽ എന്ന് പറയും. പിന്നീട് നമ്പ്യാർ തറ്റുടുത്തുവന്ന് അരങ്ങുതളിക്കും. അപ്പോൾ ചൊല്ലുന്ന മംഗളശ്ലോകം കഥാസൂചകമാകും. അഭിനയിക്കുന്ന അങ്കം ദുഷ്ടകഥാപാത്രത്തെയാണ് സൂചിപ്പിക്കുന്നതെങ്കിൽ ശിഷ്ടകഥാപാത്ര പ്രകീർത്തനമാകും മംഗളശ്ലോകം. തുടർന്ന് തിരശ്ശീല പിടിക്കുന്നു. രംഗത്ത് കുഴിത്താളം കുറുങ്കുഴൽ, ശംഖ്, ഇടയ്ക്ക എന്നിവ മുഴങ്ങും. സൂത്രധാരൻ തിരശ്ശീലയ്ക്കു പിന്നിൽ നൃത്തം ചവിട്ടുന്നു. പഞ്ചപദവിന്യാസം എന്ന ഈ ക്രിയയ്ക്കുശേഷം തിരശ്ശില നീക്കി പീഠത്തിലിരുന്ന് സൂത്രധാരൻ രംഗവന്ദനം നടത്തും. ഭഗവദ്‌വന്ദനപരമായി നിത്യക്രിയ എന്ന ചടങ്ങിനു ശേഷം ചാക്യാർ 'ഭ്രമരി' നൃത്തം നടത്തും. നങ്ങ്യാർ ചൊല്ലുന്ന ശിവസ്തുതി ശ്ലോകങ്ങൾക്കനുസരിച്ചാണ് ഇത്. ശിവപാർവ്വതിമാരുടെ കേശാദിപാദ വർണ്ണനയും ദിക്പാലകസ്തുതിയും ഇതോടൊപ്പം ചാക്യാർ നടത്തും.

നാട്യശാസ്ത്രം ലോകധർമ്മിയിൽ ഊന്നുമ്പോൾ കൂടിയാട്ടം നാട്യധർമ്മിയിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ലോകസിദ്ധങ്ങളുടെ കഥാതഥമായ അഭിനയമാണ് ലോകധർമ്മി. നാട്യസങ്കേതസിദ്ധങ്ങളുടെ അഭിനയമാണ് നാട്യധർമ്മി. ഹിമവാനും ഗംഗയും സൂര്യചന്ദ്രന്മാരും രംഗത്തിൽ കഥാപാത്രങ്ങളായി പ്രവേശിക്കുന്നതും പദ്യത്തിൽ സംസാരിക്കുന്നതുമൊക്കെ നാട്യധർമ്മിയ്ക്കുദാഹരണമാണ്. കൺപോളയുടെ ചലനങ്ങൾ പോലും അത്യന്തം ശ്രദ്ധയോടെ ചിട്ടപ്പെടുത്തിയിട്ടുള്ള ഇത്രയധികം സാങ്കേതിക നിബദ്ധമായ ഒരു അഭിനയസമ്പ്രദായം വേറെ ഇല്ല തന്നെ.

1. ആട്ടപ്രകാരം, ക്രമദീപിക എന്നിവയുടെ കർത്താവായി കരുതുന്നത് ആരെയാണ് ?
   **തോലൻ**
2. ഭാസന്റെ 'പ്രതിജ്ഞായൗഗന്ധരായണ'ത്തിനുണ്ടായ ആട്ടപ്രകാരം ?
   **മന്ത്രാങ്കം**
3. ഭാഷയിലെ ഏറ്റവും പഴക്കമുള്ള ആട്ടപ്രകാരങ്ങൾ ?
   **മന്ത്രാങ്കവും മത്തവിലാസവും**
4. ആട്ടപ്രകാരം ചർച്ചചെയ്യുന്നത് ?
   **അരങ്ങത്ത് കൂടിയാട്ടം ആടേണ്ടവിധം**
5. ക്രമദീപികയുടെ പ്രമേയം ?
   **യഥാവസരം രംഗത്ത് അനുഷ്ഠിക്കേണ്ട ക്രിയകളും വിദൂഷകൻ നിർവ്വഹിക്കേണ്ട ചടങ്ങുകളും**
6. യുനെസ്കോ ലോകപൈതൃക കലകളുടെ പട്ടികയിൽപെടുത്തിയ കലാരൂപം ?
   **കൂടിയാട്ടം**
7. കൂടിയാട്ടത്തിന്റെ പക്കമേളത്തിനുപയോഗിക്കുന്ന വാദ്യോപകരണങ്ങൾ ?
   **മിഴാവും കുഴിത്താളവും**
8. കൂത്തു തുടങ്ങുമ്പോൾ നങ്ങ്യാർ നടത്തുന്ന ഗണപതി-സരസ്വതി-ശിവസ്തുതികൾ ഏത് പേരിലാണ് അറിയപ്പെടുന്നത് ?
   **അക്കിത്ത് ചൊല്ലൽ**
9. കൂടിയാട്ടത്തിന്റെ ഹാസ്യപ്രധാനമായ ഭാഗങ്ങൾ അവതരിപ്പിക്കുന്ന കഥാപാത്രം ?
   **വിദൂഷകൻ**
10. സുഭദ്രാധനഞ്ജയം, തപതീസംവരണം എന്നിവ ആരുടെ കൃതികളാണ് ?
    **കുലശേഖരൻ**
11. കൂടിയാട്ടത്തെ അടിസ്ഥാനമാക്കി 'നാട്യകല്പദ്രുമം' എന്ന ഗ്രന്ഥം രചിച്ചത് ?
    **മണിമാധവചാക്യാർ**
12. ധർമ്മികളിൽ കൂടിയാട്ടം എന്തിനെയാണ് സ്വീകരിച്ചിട്ടുള്ളത് ?
    **നാട്യധർമ്മി**
13. സംസ്കൃത നാടകങ്ങളുടെ രംഗാവതരണമാണ് ?
    **കൂടിയാട്ടം**

സംസ്കൃതനാടകങ്ങളെ രംഗത്തവതരിപ്പിക്കുന്ന കൂടിയാട്ടത്തിന്റെ ഉപജ്ഞാതാവ് എ.ഡി. ൯-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കുലശേഖരവർമ്മയാണ് എന്നു കരുതുന്നു. ഇക്കാര്യത്തിൽ അദ്ദേഹത്തെ സഹായിച്ചത് കൊട്ടാരം വിദൂഷകനായ തോലനും. വിദൂഷകനെക്കൊണ്ട് മലയാളഭാഷ സംസാരിപ്പിച്ചതും കൂടിയാട്ടാവതരണം ചാക്യാർക്കും നങ്ങ്യാർക്കുമായി നിജപ്പെടുത്തിയതും ഇവരുടെ പരിഷ്കാരങ്ങളാണ്.

കൂടിയാട്ടത്തിലെ ഏറ്റവും രസകരവും പ്രധാനവും ആയ പങ്ക് വിദൂഷകന്റേതാണ്. ഈ വിദൂഷകൻ തന്നെ ആണ് കൂത്തിൽ കാണുന്ന ചാക്യാർ. വിദൂഷകൻ ഫലിതത്തിലൂടെ നായികാനായകൻമാരുടെ പ്രവൃത്തികൾ നോക്കിക്കാണുന്നയാളാണ്. നായകന്റെയും നായികയുടെയും സംസ്കൃതശ്ലോകങ്ങളെ വ്യാഖ്യാനിക്കുകയാണ് ഇയാളുടെ കടമ. ഒരു നിസ്സാരകാര്യം പോലും എങ്ങനെ വിസ്തരിക്കാം എന്നുള്ളതിന്റെ ഉദാഹരണമാണ് വിദൂഷകന്റെ വാക്ക്.

സംസ്കൃതനാടകങ്ങളുടെ ഏറ്റവും പഴയ അഭിനയ സമ്പ്രദായമായ കൂടിയാട്ടത്തിൽ ഒരു നാടകം മുഴുവനായി അഭിനയിക്കാൻ കഴിയാറില്ല. ഒരങ്കം തന്നെ അഭിനയിക്കാൻ ദിവസങ്ങൾ വേണ്ടിവരും. ഭാസകൃതികളിൽ പ്രതിമാസനാടകത്തിലെ വിച്ഛിന്നാഭിഷേകാങ്കം, പ്രതിജ്ഞായൗഗന്ധരായണത്തിലെ മന്ത്രാങ്കം തുടങ്ങി അങ്കങ്ങളുടെ പേരുകളാണ് സാധാരണ പരാമർശിക്കാറുള്ളത്.

ക്ഷേത്രകല എന്ന നിലയിൽ പരിമിതപ്പെട്ടുപോയതും ഇത്രയും സങ്കേതജടിലമായതും കൂടിയാട്ടം പോലെ ഒരു ക്ലാസിക് കലയുടെ ആസ്വാദനത്തിന് വിലങ്ങുതടിയാകുന്നുണ്ട്. മഹാക്ഷേത്രങ്ങളിലെ ഉത്സവങ്ങളോടനുബന്ധിച്ചും മറ്റും കൂടിയാട്ടം ഇപ്പോഴും നടത്തി വരുന്നത് ഈ കലാരൂപം അന്യം നിന്നും പോകുന്നതിൽ നിന്നും സംരക്ഷിക്കുന്നതിന് പ്രയോജനപ്പെടുന്നു.

# Facts about Wildlife

PLUS POINTS 2.0

* The sunderbans area in West Bengal is famous for Royal Bengal Tiger.
* In india the only natural habitat of the lion is the Gir Forest sourashtra) in Gujarat. In 1972, the Gir Lion Project was launched for its protection.
* Project crocodile was launched in 1975. The national Chambal Sanctuary (Madhyapradesh) is important for the protection of crocodilles.
* Project Rhinocers was launched in 1987 for the protection of the one-horned rhino. Kazirenga (Assam) manas (Assam) and joldapara (West Bengal) are the important places that we can found them.



* Project elephant was launched in 1992 to increase the number of elephant reserves in india. The National Parks of Dehing Pattai and kaziranga in Assam, Periyar in kerala and Mysore and Bhadra forest areas in Karanataka are important habitats of the elephant.
* The Dachigm National Park in Jammu and Kashmir is famous for Hangul (Kashmiri tag).
* The Great Indian Bustard is found in Jaisalmer (Rajasthan) and Malwa.
* The Rann of Kachchh is the Natural Habitat of the Wild Ass.
* The flamingo lay eggs by making a nest in the Rann of Kachchh.
* Ostriches are found in the Desert National Park, Jaisalmer.
* Snow- leopards and pandas are found in the high regions of the Himalayas.
* The wild sheep, sakin (long horned wild goat), tapir, hill goat etc are the main animals of the Himalayan Region.
* The keoladeo (Ghana) Bird sanchtury, India's largest bird sanctury is famous as the winter migratory place for Siberian Crane.
* The Nandankanan Zoological Park (Bhubaneswar, Odisha) is famous for White Tiger.
* India's largest zoo is in Alipore, Kolkata.
* The Gangetic Dolphins live in the Ganga. They are blind by birth.

**Environmental Movements and Acts of the Govt.**

* Sillent valley is an area of tropical evergreen forests in kerala which is rich in biodiversity, The environmentalists and local people strongly objected to the hydel power project being setup in 1973. under pressure, the govt had to declare it the national reserve forest in 1985.



* The Apikko Movement was launched in 1983 in Karanataka by Pandurang Hedge. Its main objectives were afforestation as well as development, conservation and proper utilization of forests in the best manner. The meaning of 'apikko' is to express ones affecton for a tree by embracing it.
* The chipko movement was launched in 1973 from Gopeshwar in Chamoli District, Uttarakhand to prevent illegal cutting of trees. Sunderlal Bahuguna and Chandi Prasad Bhatt were the leaders of this movement. Involvement of women was the most notable characteristic of this movement.
* Naramada Bachao movement was against the building of dams on the Narmada for the production of hydroelectricity since 1985. Medha Patkar has been the leader of this aandolan who got support from the Arundhati Roy, Baba Amte and Aamir Khan.

**Environment Related Acts**

* The Environment (protection) Act, 1986
* The National Environement Tribunel Act, 1995
* The National Environment Appellate Authority Act, 1977
* The Indian Forest Act, 1927
* The Forest Conservation Act, 1980
* The Scheduled Tribes and other Traditional Forest Dwellers (recognition of forest acts) Act, 1960
* The Wild Life (Protection) Act, 1972
* The Prevenion of Cruelty to Animals Act, 1960
* The Protection of Plant Varieties and Farmers Rights Act 2001
* The Biological Diversity Act 2002
* The Water (prevention and control of pollution) Act, 1977
* The Air (Prevention and control of pollution) Act, 1987
* Noise Pollution (regulation and control) R ules 2000

# സാമ്പത്തിക ശാസ്ത്രം

Plus Points

1. താഴെപ്പറയുന്ന സാമ്പത്തിക ശാസ്ത്ര ഗ്രന്ഥങ്ങൾ- ഗ്രന്ഥകർത്താക്കൾ എന്നിവയിൽ ശരിയായത് ഏതെല്ലാം?
i ആഡംസ്മിത്ത് - വെൽത്ത് ഓഫ് നേഷൻസ്
ii ഗുന്നർ മിർ ദയാൽ - ഏഷ്യൻ ഡ്രാമ
iii അമർത്യസെൻ - പോവർട്ടി ആന്റ് ഫാമിൻ
iv ദാദാ ഭായ് നവറോജി - പോവർട്ടി ആന്റ് അൺ ബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ
എ. i,iii, iv എന്നിവ മാത്രം ശരിയാണ്
ബി. i,ii, iv എന്നിവ മാത്രം ശരിയാണ്
സി. ii,iii, iv എന്നിവ മാത്രം ശരിയാണ്
ഡി. i,ii, iii, iv എന്നിവ ശരിയാണ്
2. ഒരു രാജ്യത്തിന്റെ മൂലധനം, സാങ്കേതികവിദ്യ ഉല്പന്നങ്ങൾ എന്നിവ പ്രത്യേക നിയന്ത്രണങ്ങളില്ലാതെ മറ്റൊരു രാജ്യത്തേക്ക് വ്യാപിപ്പിക്കുന്ന പ്രക്രിയ അറിയപ്പെടുന്നത്.
എ. ഉദാരവൽക്കരണം ബി. ആഗോളവൽക്കരണം
സി. ദേശസാൽക്കരണം ഡി. സ്വകാര്യവൽക്കരണം
3. ഇന്ത്യയിൽ 20, 50, 100, 500 രൂപ നോട്ടുകൾ അച്ചടിക്കുന്ന പ്രസ് ഏതാണ്
എ. കറൻസി നോട്ട് പ്രസ് - നാസിക് (മഹാരാഷ്ട്ര)
ബി. ഇന്ത്യാ സെക്യൂരിറ്റി പ്രസ് - നാസിക് (മുംബൈ)
സി. ബാങ്ക് നോട്ട് പ്രസ് ദിവാസ് - (മധ്യപ്രദേശ്)
ഡി. സെക്യൂരിറ്റി പ്രിന്റിംഗ് പ്രസ് - ഹൈദരാബാദ്
4. ദാരിദ്ര്യ നിർണയ കമ്മിറ്റിയുടെ അവലോകന പ്രകാരം ഗ്രാമീണ ജനതയ്ക്ക് ഒരു ദിവസം ആവശ്യമായ പോഷകാഹാരത്തിന്റെ അളവ് എത്രയാണ്?
എ. 2100 കലോറി ബി. 2600 കലോറി
സി. 1400 കലോറി ഡി. 2400 കലോറി
5. ഒരു ഉൽപ്പന്നത്തിന്റെ പാക്കറ്റിൽ 'റഗ് മാർക്ക്' മുദ്ര പതിപ്പിച്ചിട്ടുണ്ട്. ആയതിൽനിന്ന് നിങ്ങൾ മനസ്സിലാക്കുന്നത് എന്താണ്?
എ. പരിസ്ഥിതി സൗഹൃദമായ ഗുണനിലവാരമുള്ള ഉൽപന്നമാണ്
ബി. മികച്ച ഗുണനിലവാരമുള്ള കാർഷിക ഉല്പന്നമാണ്
സി. ബാലവേല ഉപയോഗിക്കാതെയുള്ള ഉൽപന്നമാണ്
ഡി. ഗുണനിലവാരമുള്ള റബ്ബർ ഉൽപന്നമാണ്
6. 'യോഗക്ഷേമം വഹാമ്യഹം' (your welfare is our responsibility) എന്നത് ഏത് ഇൻഷുറൻസ് കമ്പനിയുടെ ആപ്തവാക്യമാണ് ?
എ. എൽഐസി
ബി. ഓറിയന്റൽ ലൈഫ് ഇൻഷുറൻസ്
സി. യുണൈറ്റഡ് ലൈഫ് ഇൻഷുറൻസ്
ഡി. മാരുതി ഇൻഷുറൻസ്
7. 1930കളിലെ സാമ്പത്തികമാന്ദ്യത്തിന് കാരണമായി പറയുന്ന 'വാൾസ്ട്രീറ്റ് ദുരന്തം' എന്നത് ഏത് രാജ്യത്തിന്റെ സ്റ്റോക്ക് എക്സ്ചേഞ്ച് വിലയിലുണ്ടായ തകർച്ചയാണ്
എ. അമേരിക്ക ബി. ന്യൂയോർക്ക്
സി. ജർമ്മനി ഡി. ലണ്ടൻ
8. ഓഹരി വിപണികളിലെ ഗവൺമെന്റ് ഓഹരികൾ ഏത് പേരിലാണ് അറിയപ്പെടുന്നത് ?
എ. ബുൾ ബി.ഗിൽഡ്
സി. ബ്ലൂചിപ്പ് ഡി. ബിയർ
9. ഇന്ത്യൻ ഓഹരി വിപണികളെ നിയന്ത്രിക്കുന്ന സ്ഥാപനമായ സെബി (Securities and Exchange Board of India) സ്ഥാപിതമായ വർഷം?
എ. 1986 ബി. 1983
സി. 1988 ഡി. 1992
10. സർചാർജ് എന്നത് ഏതുതരം നികുതിയാണ്?
എ. പ്രത്യക്ഷ നികുതിയാണ്
ബി. പരോക്ഷനികുതിയാണ്
സി. പ്രത്യക്ഷമോ പരോക്ഷമോ ആയ നികുതിക്കു പുറമേ ഈടാക്കുന്ന അധിക നികുതിയാണ്
ഡി. സർക്കാർ ജീവനക്കാർ വരുമാനത്തിന്മേൽ നൽകേണ്ട നികുതിയാണ്
11. നികുതി രേഖകൾ സമർപ്പിച്ച ഗവൺമെന്റ് സർവീസിലുള്ള ഉദ്യോഗസ്ഥനോട് പാൻ കാർഡ് വിവരങ്ങൾ ആവശ്യപ്പെട്ടു. പാൻ (PAN) എന്നതിന്റെ പൂർണ്ണരൂപം എന്താണ്?
എ. Personal Account Number (പേഴ്സണൽ അക്കൗണ്ട് നമ്പർ)
ബി. Private Account Number (പ്രൈവറ്റ് അക്കൗണ്ട് നമ്പർ)
സി. Pension Account Number (പെൻഷൻ അക്കൗണ്ട് നമ്പർ)
ഡി. Permanent Account Number (പെർമനന്റ് അക്കൗണ്ട് നമ്പർ)
12. ഇന്ത്യയിൽ നികുതി പരിഷ്കരണത്തിന് നിർദ്ദേശം നൽകിയ കമ്മിറ്റി ഏതാണ്
എ. രാജാ ചെല്ലയ്യ കമ്മിറ്റി ബി. മൽഹോത്ര കമ്മിറ്റി
സി. ബൽവന്ത്റായ് മേത്ത കമ്മിറ്റി ഡി. ബേസൽ കമ്മിറ്റി
13. താഴെപ്പറയുന്നവയിൽ ശരിയായത് ഏതെല്ലാമാണ്?
i വാഗുൽ കമ്മിറ്റി - ഇന്ത്യൻ മണി മാർക്കറ്റ്
ii എസ് എൻ വർമ്മ കമ്മിറ്റി - കൊമേഴ്സ്യൽ ബാങ്കുകളുടെ പുനഃസംഘടന
iii ശിവരാമൻ കമ്മിറ്റി - നബാർഡിന്റെ രൂപീകരണം
iv രെഖി കമ്മിറ്റി - പരോക്ഷ നികുതി
എ. i,iii, iv എന്നിവ മാത്രം ശരിയാണ്
ബി. i,ii, iii എന്നിവ മാത്രം ശരിയാണ്
സി. ii, iv എന്നിവ മാത്രം ശരിയാണ്
ഡി. i,ii, iii, iv എന്നിവ ശരിയാണ്
14. സംസ്ഥാന ഗവൺമെന്റിന്റെ പ്രധാന വരുമാന മാർഗം ഏതാണ്
എ. ആദായനികുതി ബി. വിൽപ്പന നികുതി
സി. തൊഴിൽനികുതി ഡി. കസ്റ്റംസ് നികുതി
15. ഇന്ത്യയിൽ മൂല്യവർദ്ധിത നികുതി (VAT) നിലവിൽ വന്ന വർഷം
എ. 2005 ഏപ്രിൽ 1 ബി. 2003 ഏപ്രിൽ 1
സി. 2004 ഏപ്രിൽ 1 ഡി. 2002 ഏപ്രിൽ 1
16 ജിഎസ്ടി കൗൺസിലിലെ അംഗങ്ങളിൽ ഉൾപ്പെടാത്തത് ആരാണ്?
എ. ചെയർമാൻ നീതി ആയോഗ്
ബി. കേന്ദ്ര ധനകാര്യ മന്ത്രി
സി. കേന്ദ്ര റവന്യൂ സഹമന്ത്രി
ഡി. സംസ്ഥാന ധനകാര്യ മന്ത്രിമാർ
17. ബാങ്കുകളുടെ ബാങ്ക് , വായ്പകളുടെ നിയന്ത്രകൻ എന്നീ വിശേഷണങ്ങളുള്ള റിസർവ് ബാങ്കിന്റെ ചിഹ്നത്തിലുള്ള വൃക്ഷം ഏതാണ്?
എ. തെങ്ങ് ബി. കമുക്




സി. എണ്ണപ്പന ഡി. അരയാൽ
18. യൂറോപ്യൻ യൂണിയന്റെ ഔദ്യോഗിക കറൻസിയായ യൂറോ നിലവിൽ വന്നത്
എ. 1996 ജനുവരി 1 ബി.1999 ജനുവരി 1
സി. 1998 ജനുവരി 1 ഡി.1997 ജനുവരി 1
19. ഇന്ത്യൻ രൂപയ്ക്ക് നിലവിലുള്ള ചിഹ്നം (₹) രൂപകൽപ്പന ചെയ്ത് തമിഴ്നാട് സ്വദേശി
എ. ഡി അജയകുമാർ ബി. ഡി ഉദയകുമാർ
സി. സി അഭയകുമാർ ഡി. ഡി ദേവകുമാർ
20. ഇന്ത്യൻ കറൻസികളിൽ ഒരു രൂപ ഒഴികെയുള്ള മറ്റെല്ലാ നോട്ടുകളിലും ഒപ്പിടുന്നത്
എ. കേന്ദ്ര ധനകാര്യ സെക്രട്ടറി
ബി. കേന്ദ്ര ധനകാര്യമന്ത്രി
സി. റിസർവ് ബാങ്ക് ജനറൽ മാനേജർ
ഡി. റിസർവ്ബാങ്ക് ഗവർണർ
21. കറൻസി നോട്ടുകൾ പുറത്തിറക്കാനുള്ള അധികാരം ഇന്ത്യ ഗവൺമെന്റിൽ നിക്ഷിപ്തമായത് ഏത് ആക്ട് പ്രകാരമാണ് ?
എ. പേപ്പർ കറൻസി ആക്ട് 1861
ബി. കറൻസി ആക്ട് 1764 സി. കറൻസി ആക്ട് 1751
ഡി. ഇന്ത്യൻ കറൻസി ആക്ട് 1947
22. ചുവടെ തന്നിട്ടുള്ളവയിൽ ശരിയായ പ്രസ്താവന ഏത്
എ. 1996 മുതലാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ മഹാത്മാ ഗാന്ധി സീരീസിലുള്ള നോട്ടുകൾ പുറത്തിറക്കിയത്
ബി. ഇന്ത്യൻ കറൻസികളിൽ 17 ഭാഷകളിൽ നോട്ടിന്റെ മൂല്യം രേഖപ്പെടുത്തിയിട്ടുണ്ട്
സി. ഇന്ത്യൻ നോട്ടിൽ മൂല്യം രേഖപ്പെടുത്തിയിട്ടുള്ള ഏക വിദേശ ഭാഷ നേപ്പാളിയാണ്
ഡി. മേൽപ്പറഞ്ഞവയെല്ലാം ശരിയാണ്
23. എല്ലാ കുടുംബങ്ങളിലെയും ഒരംഗത്തിനെങ്കിലും ബാങ്ക് അക്കൗണ്ട് എന്ന നേട്ടം കൈവരിച്ച ഇന്ത്യയിലെ ആദ്യ സമ്പൂർണ ബാങ്കിംഗ് ജില്ല.
എ. കൃഷ്ണഗിരി ബി. നാസിക്
സി. പാലക്കാട് ഡി. കോർബ
24. താഴെ പറയുന്നവയിൽ ഏത് ബാങ്കിന്റെ ആസ്ഥാനമാണ് ന്യൂഡൽഹിയിൽ സ്ഥിതി ചെയ്യാത്തത്?
എ. പഞ്ചാബ് നാഷണൽ ബാങ്ക്
ബി. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ
സി. ഓറിയന്റൽ ബാങ്ക് ഓഫ് കൊമേഴ്സ്
ഡി. പഞ്ചാബ് ആന്റ് സിന്ധ് ബാങ്ക്
25. ശ്രീമതി ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോൾ 1969 ജൂലൈ 19ന് എത്ര ബാങ്കുകളെയാണ് ദേശസാല്ക്കരണം നടത്തിയത്?
എ. 12 ബി. 13
സി. 14 ഡി. 19
26. 'യുവർ പെർഫെക്റ്റ് ബാങ്കിംഗ് പാർട്ണർ' എന്നത് ഏത് ബാങ്കിന്റെ ആപ്തവാക്യമാണ്?
എ. യൂക്കോ ബാങ്ക് ബി. എസ് ബി ഐ
സി.ഫെഡറൽ ബാങ്ക് ഡി. കാനറ ബാങ്ക്
27. താഴെ പറയുന്നവയിൽ ഏതാണ് മുദ്രാലോൺ മേളകൾ വഴി നൽകുന്ന ലോണുകളിൽ ഉൾപ്പെടാത്തത്?
എ. കിരൺ ബി. തരുൺ
സി. ശിശു ഡി. കിശോർ
28. കൃഷിക്കും ഗ്രാമ വികസനത്തിനും വേണ്ടിയുള്ള ദേശീയ ബാങ്കായ നബാർഡ് മുംബൈ ആസ്ഥാനമായി രൂപം കൊണ്ടത് ഏത് വർഷത്തിലാണ്?
എ. 1981 ജൂലൈ 11 ബി. 1986 ജൂലൈ 12
സി. 1982 ജൂലൈ 12 ഡി. 1984 ജൂലൈ 12
29. ഇന്ത്യയിലാദ്യമായി കോർ ബാങ്കിങ് സംവിധാനം നടപ്പിലാക്കിയ ബാങ്ക്
എ. എസ് ബി ഐ ബി. ഫെഡറൽ ബാങ്ക്
സി. ഐസിഐസിഐ ബാങ്ക്
ഡി. എച്ച്ഡിഎഫ്സി ബാങ്ക്
30. 2017 ഏപ്രിൽ ഒന്നിന് എസ്ബിഐയിൽ ലയിപ്പിച്ച ബാങ്കുകളിൽ ഉൾപ്പെടാത്തത് ഏതാണ് ?
എ. സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ
ബി. സ്റ്റേറ്റ് ബാങ്ക് ഓഫ് പാട്യാല
സി. ഭാരതീയ മഹിളാ ബാങ്ക്
ഡി. സ്റ്റേറ്റ് ബാങ്ക് ഓഫ് അഹമ്മദാബാദ്
31. ജിഎസ്ടിയെ സംബന്ധിച്ച് തെറ്റായ പ്രസ്താവന ഏതാണ്?
എ. ജിഎസ്ടി നിലവിൽ വന്നത് 2017 ജൂലൈ ഒന്നിനാണ്
ബി. ജിഎസ്ടി ബിൽ പാസാക്കിയ ആദ്യ സംസ്ഥാനം കേരളമാണ്
സി. ജിഎസ്ടി എന്നത് 122-ാമത് ഭരണഘടനാ ഭേദഗതി ബില്ലാണ്
ഡി.ജിഎസ്ടി ബിൽ രാജ്യവ്യാപകമായി നടപ്പിലാക്കാനായി കേന്ദ്രസർക്കാർ ആരംഭിച്ച പദ്ധതിയാണ് പ്രോജക്ട് SAKSHAM.
32. ഇപ്പോഴത്തെ റിസർവ് ബാങ്ക് ഗവർണറായ ശക്തികാന്തദാസ് പ്രസ്തുത സ്ഥാനം വഹിക്കുന്ന എത്രാമത്തെ വ്യക്തിയാണ്?
എ. 26-ാ മത്തെ ബി. 24-ാ മത്തെ
സി. 23-ാ മത്തെ ഡി. 25-ാ മത്തെ
33. 12-ാം പഞ്ചവത്സര പദ്ധതിയുടെ കാലയളവ് ചുവടെ പറയുന്നവയിൽ ഏതാണ്?
എ. 2017 - 2022 ബി. 2012 - 2017
സി. 2014 - 2019 ഡി. 2019 - 2024
34. സ്വാതന്ത്ര്യത്തിന്റെ അമ്പതാം വാർഷികത്തിൽ ആരംഭിച്ച പദ്ധതി - ജനകീയ പദ്ധതി എന്നീ

വിശേഷണങ്ങൾ ലഭിച്ച പഞ്ചവത്സര പദ്ധതി ഏതാണ് ?
എ. എട്ടാം പഞ്ചവത്സര പദ്ധതി
ബി. ഒമ്പതാം പഞ്ചവത്സര പദ്ധതി
സി. ഏഴാം പഞ്ചവത്സര പദ്ധതി
ഡി. ഇതൊന്നുമല്ല

35. ഇന്ത്യൻ സാമ്പത്തിക ശാസ്ത്രജ്ഞനായ രാജ് കൃഷ്ണ അവതരിപ്പിച്ച ഹിന്ദു വളർച്ചനിരക്ക് എന്ന പദം അർത്ഥമാക്കുന്നത് ?
എ. 1950 മുതൽ 1980 വരെയുള്ള കാലയളവിലെ ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ താഴ്ന്ന വളർച്ചാനിരക്ക്
ബി. 1950 മുതൽ 1980 വരെയുള്ള കാലയളവിലെ ഹിന്ദു ജനസംഖ്യയിലുള്ള കുറവ്
സി. 1950 മുതൽ 1980 വരെ കാലയളവിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഹിന്ദു ജനതയുടെ കണക്ക്
ഡി. 1950 മുതൽ 1980 വരെയുള്ള കാലയളവിൽ ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ ഉണ്ടായ ഉയർന്ന വളർച്ചാ നിരക്ക്

36. ഇന്ത്യൻ പഞ്ചവത്സര പദ്ധതികളിൽ വാർഷിക പദ്ധതി (Annual Plans) നടപ്പിലാക്കിയിട്ടുള്ള കാലയളവ് ഏതാണ്?
എ. 1990 -92 ബി. 1966 -69
സി. 1979 - 80 ഡി. ഇവയെല്ലാം ശരിയാണ്

37. പഞ്ചവത്സര പദ്ധതികൾക്ക് അംഗീകാരം നൽകുന്നത് 1952 ൽ രൂപം കൊണ്ട എൻഡിസി (NDC) ആണ്. എൻഡിസി എന്നത്
എ. നാഷണൽ ഡെമോക്രാറ്റിക് കൗൺസിൽ
ബി. നാഷണൽ ഡെവലപ്മെന്റ് കൗൺസിൽ
സി. നാഷണൽ ഡെവലപ്മെന്റ് കോർപ്പറേഷൻ
ഡി. നാഷണൽ ഡീസെൻട്രലൈസേഷൻ കൗൺസിൽ

38. 500, 1000 രൂപ നോട്ടുകൾ പിൻവലിക്കുന്നതായി ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപനം നടത്തിയ ദിവസം?
എ. 2016 നവംബർ 8 ബി. 2016 നവംബർ 9
സി. 2016 നവംബർ 7 ഡി. 2017 നവംബർ 8

39. ഇപ്പോൾ പ്രചാരത്തിലുള്ളതും പുതുതായി പുറത്തിറക്കിയതുമായ ഇന്ത്യൻ കറൻസികളെയും അവയിൽ രേഖപ്പെടുത്തിയിട്ടുള്ള ചിഹ്നങ്ങളെയും സംബന്ധിച്ച് തെറ്റായത് ഏതാണ്?
എ. 500 രൂപ - ചെങ്കോട്ട
ബി. 200 രൂപ - സാഞ്ചിസ്തൂപം
സി. 2000 രൂപ - മംഗൾയാൻ
ഡി. 50 രൂപ - ഇന്ത്യൻ പാർലമെന്റ്

40. ഇന്ത്യയിൽ ഡിമോണിറ്റൈസേഷൻ (കറൻസി പിൻവലിക്കൽ) നടത്തിയിട്ടില്ലാത്ത വർഷം ഏതാണ്?
എ. 1946 ബി. 1978
സി. 2016 ഡി. 1954

41. താഴെപ്പറയുന്നവയിൽ ശരിയായ പ്രസ്ഥാവനകൾ ഏതെല്ലാം?
i ആധുനിക സാമ്പത്തിക ശാസ്ത്രത്തിന്റെ പിതാവ്, 'ലെയ്സസ് ഫെയർ' സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് - ആഡം സ്മിത്ത്
ii ഇന്ത്യൻ സാമ്പത്തിക ശാസ്ത്രത്തിന്റെ പിതാവ് - ദാദാ ഭായ് നവറോജി
iii 'ചോദന നിയമം' (Law of Demand) - ആൽഫ്രഡ് മാർഷൽ
iv ഇന്ത്യൻ ആസൂത്രണത്തിന്റെ പിതാവായ എം വിശ്വേശ്വരയ്യ എഴുതിയ ഗ്രന്ഥമാണ് 'പ്ലാൻഡ് ഇക്കോണമി ഫോർ ഇന്ത്യ'
എ. i,ii, iii എന്നിവ മാത്രം ശരിയാണ്
ബി. ii,iii, iv എന്നിവ മാത്രം ശരിയാണ്
സി. i, iv എന്നിവ മാത്രം ശരിയാണ്
ഡി. i,ii, iii, iv എന്നിവ ശരിയാണ്

42. പണം ചെയ്യുന്നതെന്താണോ അതാണ് പണം. (Money is what money does) - എന്ന് പറഞ്ഞതാരാണ് ?
എ. അമർത്യാസെൻ ബി. വാക്കർ
സി. ആഡംസ്മിത്ത് ഡി. ആൽഫ്രഡ് മാർഷൽ

43. ഇന്ത്യയിൽ ഏതു തരം സമ്പദ്‌വ്യവസ്ഥയാണ് നിലവിലുള്ളത് ?
എ. മുതലാളിത്തം ബി. സോഷ്യലിസം
സി. മിശ്ര സമ്പദ്‌വ്യവസ്ഥ ഡി. ഇതൊന്നുമല്ല

44. ചുവടെ പറയുന്നവയിൽ ശരിയായ പ്രസ്താവനകൾ ഏതെല്ലാമാണ്?
i പ്രാഥമിക മേഖലയുടെ (primary sector) അടിത്തറ കൃഷിയാണ്
ii ദ്വിതീയ മേഖല (secondary sector) വ്യവസായ മേഖല എന്നും അറിയപ്പെടുന്നു
iii ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയ്ക്ക് ഏറ്റവും കൂടുതൽ സംഭാവന നൽകുന്നത് സേവനമേഖല (Tertiary sector) എന്നറിയപ്പെടുന്ന തൃതീയ മേഖലയാണ്
iv ബാങ്കിങ്, ഗതാഗതം എന്നിവ തൃതീയ മേഖലയിൽ (Tertiary sector) ഉൾപ്പെടുന്നു
എ. i, iv എന്നിവ മാത്രം ശരിയാണ്
ബി. ii,iii, iv എന്നിവ മാത്രം ശരിയാണ്
സി. i,ii, iv എന്നിവ മാത്രം ശരിയാണ്
ഡി. i,ii, iii, iv എന്നിവ ശരിയാണ്

45. ഒരുവർഷം ഒരു രാജ്യത്ത് മൊത്തം ഉല്പാദിപ്പിക്കുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ആകെ തുകയാണ്
എ.ആളോഹരി വരുമാനം (Percapita Income)
ബി. ദേശീയ വരുമാനം (National Income)
സി. മൊത്തം ദേശീയോൽപ്പാദനം (Gross National Product)
ഡി. മൊത്തം ആഭ്യന്തര ഉൽപ്പാദനം (Gross Domestic Product)

46. ഇന്ത്യയുടെ ദേശീയ വരുമാനം കണക്കാക്കുന്ന സ്ഥാപനം ഏതാണ് ?
എ. നാഷണൽ ഡെവലപ്മെന്റ് കൗൺസിൽ (ഗവേണിങ് കൗൺസിൽ)
ബി. പ്ലാനിങ് കമ്മീഷൻ
സി. സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ
ഡി. ഭാരതീയ റിസർവ് ബാങ്ക്

47. യുഎൻഡിപി 2018ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ട് പ്രകാരം 130-ാം സ്ഥാനത്ത് നിൽക്കുന്ന ഇന്ത്യയുടെ മാനുഷിക വികസന സൂചിക (Human Development Index) താഴെപ്പറയുന്നവയിൽ ഏതാണ് ?
എ. 0.647 ബി. 0.640
സി. 0.650 ഡി. 0.627

48. താഴെപ്പറയുന്നവയിൽ ശരിയായ പ്രസ്താവനകൾ ഏതെല്ലാം?
i. ന്യൂഡൽഹി ആസ്ഥാനമായി 1950 മാർച്ച് 15 ന് നിലവിൽ വന്ന ആസൂത്രണ കമ്മീഷൻ ഒരു ഉപദേശക സമിതിയാണ് (Advisory Body)
ii. ആസൂത്രണത്തിനുവേണ്ടി പ്ലാനിങ് കമ്മീഷനുപകരം 2015 ജനുവരി ഒന്നുമുതൽ നിലവിൽ വന്ന സംവിധാനമാണ് നീതി ആയോഗ്
iii.നീതി ആയോഗിന്റെ ഉപാധ്യക്ഷനായ വൈസ് ചെയർമാനെ നിയമിക്കുന്നത് അധ്യക്ഷനായ പ്രധാനമന്ത്രിയാണ്.
iv. നീതി ആയോഗിന്റെ നിലവിലെ സിഇഒ അമിതാഭ് കാന്ത്.
എ. ii, iii എന്നിവ മാത്രം ശരിയാണ്
ബി. i, iv എന്നിവ മാത്രം ശരിയാണ്
സി. i, iii, iv എന്നിവ മാത്രം ശരിയാണ്
ഡി. i,ii, iii, iv എന്നിവ ശരിയാണ്

49. ചുവടെപ്പറയുന്നവയിൽ തെറ്റായ പ്രസ്താവന ഏത്?
എ. ഒന്നാം പഞ്ചവത്സര പദ്ധതി 1950 - 1955
ബി. രണ്ടാം പഞ്ചവത്സര പദ്ധതി - മഹലനോബിസ് മാതൃക
സി. ഒന്നാം പഞ്ചവത്സര പദ്ധതി - ഹരോൾഡ് -ഡോമർ മാതൃക
ഡി. അഞ്ചാം പഞ്ചവത്സര പദ്ധതി - ഗരീബി ഹഠാവോ

50. സാമ്പത്തികശാസ്ത്രത്തിനുള്ള 2019 ലെ നോബേൽ സമ്മാന ജേതാക്കളിൽ ഉൾപ്പെടാത്തത് ആരാണ് ?
എ. അഭിജിത് ബാനർജി ബി. ഒലിവർ ഹാർട്ട്
സി. എസ്തേർ ദുഫ്ളോ ഡി. മൈക്കൽ ക്രെമർ

## Answers

1 (d) 2 (b) 3 (c) 4 (d) 5 (c) 6 (a) 7 (b) 8 (b) 9 (c) 10 (c) 11 (d) 12 (a) 13 (d) 14 (b) 15 (a) 16 (a) 17 (c) 18 (b) 19 (b) 20 (d) 21 (a) 22 (d) 23 (c) 24 (b) 25 (c) 26 (c) 27 (a) 28 (c) 29 (a) 30 (d) 31 (b) 32 (d) 33 (b) 34 (b) 35 (a) 36 (d) 37 (b) 38 (a) 39 (d) 40 (d) 41 (d) 42 (b) 43 (c) 44 (d) 45 (b) 46 (c) 47 (b) 48 (d) 49 (a) 50 (b)

# ഇന്ത്യാ ചരിത്രം

Plus Points

1. ചുവടെ തന്നിരിക്കുന്ന മുഗൾഭരണാധികാരികളുടെ പേരുകളിൽ ശരിയായത് ഏതെല്ലാം?
(i) ജഹാംഗീർ-സലിം (ii) ഔറംഗസീബ്-അലംഗീർ
(iii) ഷെർഷാ ഫരീദ് (iv) ഷാജഹാൻ-ഖുറം
(എ) (i), (ii), (iii) എന്നിവ മാത്രം ശരിയാണ്
(ബി) (ii), (iii), (iv) എന്നിവ മാത്രം ശരിയാണ്
(സി) (i), (ii), (iv) എന്നിവ മാത്രം ശരിയാണ്
(ഡി) (i), (ii),(iii), (iv) എന്നിവ ശരിയാണ്

2. ഏത് സുൽത്താന്റെ ഭരണകാലത്താണ് കുത്തബ്മീനാറിന്റെ പണി പൂർത്തിയായത്?
(എ) ഇൽത്തുമിഷ് (ബി) കുത്തബ്ദ്ദീൻ ഐബക്
(സി) ഗിയാസുദ്ദീൻ തുഗ്ലക് (ഡി) ബാൽബൻ

3. ഏത് ഭരണാധികാരിയുടെ ആസ്ഥാനകവിയാണ് അമിർ ഖുസ്രു?
(എ) ഗിയാസുദ്ദീൻ തുഗ്ലക് (ബി) അക്ബർ
(സി) ശിവജി (ഡി) അലാവുദ്ദീൻ ഖിൽജി

4. ഖുനി ദർവാസ (Blood Stained gate) പണികഴിപ്പിച്ച മുഗൾ ഭരണാധികാരി
(എ) അക്ബർ (ബി) ഔറംഗസീബ്
(സി) ഷേർഷാ (ഡി) ഷാജഹാൻ

5. വില്യം ഹോക്കിൻസ്, തോമസ് റോ എന്നീ ഇംഗ്ലീഷുകാർ ഏത് മുഗൾ ഭരണാധികാരിയുടെ കൊട്ടാരത്തിലെ സന്ദർശകരായിരുന്നു?
(എ) ബാബർ (ബി) ഷെർഷ
(സി) ജഹാംഗീർ (ഡി) ഔറംഗസീബ്

6. മുഗൾഭരണാധികാരിയായ അക്ബറുടെ സൈനിക വിഭാഗതലവൻ ഏതുപേരിൽ അറിയപ്പെടുന്നു?
(എ) വസീർ (ബി) കോത്ത്വാൾ
(സി) മീർബക്ഷി (ഡി) സേനാപതി

7. അയ്നി അക്ബാരി, അക്ബർനാമ എന്നീ കൃതികളുടെ കർത്താവ്?
(എ) അബുൾഫസൽ (ബി)അബുൾഫെയ്സി
(സി) അബ്ദുൾഫെയ്സി (ഡി) അബ്ദുൾഫസൽ

8. AD 1600ൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി ലണ്ടനിൽ സ്ഥാപിതമായപ്പോൾ ഇന്ത്യ ഭരിച്ചിരുന്ന മുഗൾ ഭരണാധികാരി ആരാണ്?
(എ) ഔറംഗസീബ് (ബി) ജഹാംഗീർ
(സി) അക്ബർ (ഡി) ഷാജഹാൻ

9. 'ഇഖ്ത' എന്ന പേരിൽ ഭൂനികുതി സമ്പ്രദായം നടപ്പിലാക്കിയതാര്?
(എ) അക്ബർ (ബി) ഇൽത്തുമിഷ്
(സി) ശിവജി (ഡി) ചന്ദ്ര ഗുപ്തൻ II

10. തന്നിരിക്കുന്നവയിൽ തെറ്റായ പ്രസ്താവന ഏതാണ്?
(എ) കൊൽക്കത്തയെ അമൃത്സറുമായി ബന്ധിപ്പിക്കുന്ന ഗ്രാന്റ് ട്രങ്ക് റോഡ് നിർമ്മിച്ചത് ഷെർഷ എന്ന മുഗൾ ഭരണാധികാരിയാണ്
(ബി) ശിവജിയുടെ മന്ത്രിസഭയിലെ സൈനികതലവൻ സേനാപതി എന്നറിയപ്പെടുന്നു
(സി) അവസാന മുഗൾ ഭരണാധികാരി ബഹദൂർഷ I-ാമനാണ്
(ഡി) ഗുരുരാംദാസ് എന്ന സിഖ് ഗുരുവാണ് അമൃത്സർ നഗരം പണികഴിപ്പിച്ചത്

11. 1846-ലെ ലാഹോർ ഉടമ്പടി രൂപംകൊണ്ടത് ഏത് യുദ്ധത്തിന്റെ പരിണിതഫലമായാണ്?
(എ) ഒന്നാം കർണ്ണാട്ടിക് യുദ്ധം
(ബി) ഒന്നാം ആംഗ്ലോസിക്ക് യുദ്ധം
(സി) ഒന്നാം മൈസൂർ യുദ്ധം
(ഡി) ഒന്നാം തറൈൻ യുദ്ധം

12. ഹർമന്ദർസാഹിബ് എന്നറിയപ്പെട്ടിരുന്ന അമൃത്സറിലെ സുവർണ്ണക്ഷേത്രം നിർമ്മിച്ച സിഖ് ഗുരു ആരാണ്?
(എ) ഗുരു അംഗദ്ദേവ് (ബി) ഗുരു അർജുൻദേവ്
(സി) ഗുരു രാംദാസ് (ഡി) ഗുരു അമർദാസ്

13. മുഗൾ ഭരണാധികാരിയായ ഷാജഹാനെ തടവറയിൽ പരിചരിച്ചിരുന്ന മകളുടെ പേര്
(എ) റോഷനാര (ബി) ഹുറൈനിസ
(സി) ഹസ്നാര (ഡി) ജഹനാര

14. മുഹമ്മദ്ബിൻ തുഗ്ലക്കിനെക്കുറിച്ച് ഇബൻബത്തൂത്ത എഴുതിയ പുസ്തകം ഏതാണ്?
(എ) സഫർനാമ (ബി) ഷാനാമ
(സി) ഷാലിനാമ (ഡി) അമർനാമ

15. മണിമേഖല എന്ന കൃതിയിൽ പരാമർശിക്കുന്ന നഗരം
(എ) ഉറയൂർ (ബി) മധുര
(സി) മഹാബലിപുരം (ഡി) തഞ്ചാവൂർ

## Answers

1(D) 2(A) 3(D) 4(C) 5(C) 6(C) 7(A) 8(C) 9(B) 10(C) 11(B) 12(B) 13 (D) 14 (A) 15 (B)

## മധുരം മലയാളം

1. ചുവടെ തന്നിരിക്കുന്ന കവികളുടെ പേരിനു നേർക്ക് ചേർത്തിട്ടുള്ള വിശേഷണങ്ങളെ ശരിയായി ക്രമപ്പെടുത്തുക

| | |
|---|---|
| a) വള്ളത്തോൾ നാരായണമേനോൻ | 1. പണ്ഡിതകവി |
| b) ഉള്ളൂർ എസ് പരമേശ്വരയ്യർ | 2. വാക്കുകളുടെ മഹാബലി |
| c) പി.കുഞ്ഞിരാമൻ നായർ | 3. ഋതുക്കളുടെ കവി |
| d) ചെറുശ്ശേരി | 4. ശബ്ദസുന്ദരൻ |

| | a | b | c | d |
|---|---|---|---|---|
| A | 1 | 2 | 3 | 4 |
| B | 4 | 2 | 1 | 3 |
| C | 4 | 1 | 2 | 3 |
| D | 2 | 1 | 3 | 4 |

2. ചുവടെ തന്നിരിക്കുന്ന ഒറ്റപ്പദങ്ങളെ ശരിയായി ക്രമപ്പെടുത്തുക

| | |
|---|---|
| a) സഹോദരീപുത്രൻ | 1. ഭാഗിനേയൻ |
| b) ഭാര്യയുടെ പിതാവ് | 2. ദൗഹിത്രൻ |
| c) സഹോദരിയുടെ ഭർത്താവ് | 3. ശ്വശുരൻ |
| d) മകളുടെ മകൻ | 4. സ്യാലൻ |

| | a | b | c | d |
|---|---|---|---|---|
| A | 3 | 2 | 4 | 1 |
| B | 1 | 2 | 4 | 3 |
| C | 4 | 2 | 1 | 3 |
| D | 1 | 3 | 4 | 2 |

3. ചുവടെ തന്നിട്ടുള്ള പദങ്ങൾക്ക് നേർക്ക് നൽകിയിട്ടുള്ള പര്യായപദങ്ങളെ ശരിയായ രീതിയിൽ ചേരുംപടി ചേർക്കുക

| | |
|---|---|
| a) പക്ഷി | 1. യാനം, അയനം |
| b) യാത്ര | 2. ബകം, ബകോടം |
| c) കൊക്ക് | 3. ദ്വിജം, ശകുന്തം |
| d) ആമ്പൽ | 4. കുമുദം, കൈരവം |

| | a | b | c | d |
|---|---|---|---|---|
| A | 3 | 1 | 2 | 4 |
| B | 1 | 2 | 3 | 4 |
| C | 2 | 4 | 1 | 3 |
| D | 4 | 3 | 1 | 2 |

4. ചുവടെ തന്നിട്ടുള്ള പദങ്ങൾ- വിപരീത പദങ്ങൾ എന്നിവയിൽ ശരിയായത് ഏതെല്ലാം?
   i) സ്പൃഹണീയം x ഗർഹണീയം
   ii) അച്ഛം x അനച്ഛം
   iii) കിഴക്ക് x മേക്ക്
   iv) പ്രച്ഛന്നം x പ്രകാശം
   A) i, iii എന്നിവ മാത്രം ശരിയാണ്
   B) ii, iii, iv എന്നിവ മാത്രം ശരിയാണ്
   C) i, iv എന്നിവ മാത്രം ശരിയാണ്
   D) i, ii, iii, iv എന്നിവ ശരിയാണ്

5. ചുവടെ തന്നിരിക്കുന്ന മലയാള ശൈലികളെ ശരിയായ അർഥം വരുന്ന രീതിയിൽ ചേരുംപടി ചേർക്കുക

| | |
|---|---|
| a) മാരീചവിദ്യ | 1. കപടതന്ത്രം |
| b) കൂപമണ്ഡൂകം | 2. അവസാനം |
| c) ഭരതവാക്യം | 3. അൽപജ്ഞൻ |
| d) ഉരുക്കഴിക്കുക | 4. ആവർത്തിക്കുക |

| | a | b | c | d |
|---|---|---|---|---|
| A | 4 | 3 | 1 | 2 |
| B | 1 | 3 | 2 | 4 |
| C | 2 | 4 | 1 | 3 |
| D | 1 | 2 | 3 | 4 |

6. ചുവടെ തന്നിരിക്കുന്ന പദങ്ങളിൽ തെറ്റായത് ഏത്?
   A) ആദ്ധ്യാത്മികം B) ഇളനീർ
   C) ഐക്യമത്യം D) സമ്രാട്ട്

7. ശരിയായ മലയാള തർജ്ജമ ഏതാണ്?
   i) Keep ones head above water- കടക്കെണിയിൽനിന്ന് രക്ഷപ്പെടുക
   ii) Burn the midnight oil- ഇന്ധനം പാഴാക്കുക
   iii) status quo- പൂർവസ്ഥിതി
   iv) To face the music- ശിക്ഷ ഏറ്റുവാങ്ങുക
   A) i, iii, iv എന്നിവ ശരിയാണ്
   B) i, ii എന്നിവ മാത്രം ശരിയാണ്
   C) ii, iii , iv എന്നിവ മാത്രം ശരിയാണ്
   D) i, iv എന്നിവ മാത്രം ശരിയാണ്

8. ചുവടെ കൊടുത്തിരിക്കുന്ന പുല്ലിംഗ-സ്ത്രീലിംഗ ശബ്ദങ്ങളിൽ തെറ്റായത് ഏതാണ്?
   A) ഭ്രാതാവ്-സ്വസ്താവ് B) പൗരൻ-പുരന്ധ്രി
   C) മനുഷ്യൻ- മനുഷി D) മാതുലൻ- മാതുലി

9. ചുവടെ തന്നിരിക്കുന്ന എതിർലിംഗ പദങ്ങളിൽ ശരിയായത് ഏതെല്ലാം?
   A) മാതുലൻ-മാതുലാനി B) വിധുരൻ-വിധവ
   C) നേതാവ്- നേത്രി
   D) എ, ബി, സി എന്നിവ ശരിയാണ്

10. 'താങ്കൾ' എന്ന പദം ഏതുതരം ബഹുവചന രൂപമാണ്?
    A) പുല്ലിംഗ ബഹുവചനം
    B) പൂജക ബഹുവചനം
    C) അലിംഗ ബഹുവചനം
    D) നപുംസകലിംഗ ബഹുവചനം

11. 'പക്ഷികൾ' എന്ന പദം ഏത് തരം ബഹുവചന രൂപമാണ് ?
    A) സ്ത്രീലിംഗ ബഹുവചനം
    B) അലിംഗ ബഹുവചനം
    C) പുല്ലിംഗ ബഹുവചനം
    D) പൂജക ബഹുവചനം

12. ചുവടെ തന്നിരിക്കുന്നവയിൽ ശരിയായ വാക്യം ഏതാണ്?
    A) രാത്രികാലങ്ങളിൽ മോഷണം പെരുകുന്നതായി നാട്ടുകാർ പരാതി നൽകി
    B) സന്ധ്യാനേരത്ത് നാമം ജപിക്കണം
    C) അഞ്ചു സംവത്സരങ്ങൾ കഴിഞ്ഞാണ് അവൻ നാട്ടിലെത്തിയത്
    D) അദ്ധ്യക്ഷൻ സാദരം സ്വാഗതം അർപ്പിച്ചുകൊള്ളുന്നു

13. Living Death എന്ന ശൈലിയുടെ ശരിയായ മലയാള വിവർത്തനം
    A) മരിച്ചു ജീവിക്കുക
    B) ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും
    C) ജീവിച്ചു മരിക്കുക D) ജീവിതവും മരണവും

14. താഴെപ്പറയുന്ന പദങ്ങളുടെ വിവർത്തനങ്ങളെ ശരിയായ രീതിയിൽ ചേരുംപടി ചേർക്കുക

| | |
|---|---|
| a) Dejure | 1. നിയമപ്രകാരം |
| b In toto | 2. നിയമം ലംഘിക്കുക |
| c) Suo moto | 3. പൂർണമായി |
| d Infringe | 4. സ്വമേധയാ |

| | a | b | c | d |
|---|---|---|---|---|
| A | 4 | 3 | 2 | 1 |
| B | 1 | 2 | 3 | 4 |
| C | 1 | 3 | 4 | 2 |
| D | 2 | 3 | 1 | 4 |

15. ചുവടെ തന്നിരിക്കുന്ന പദങ്ങളുടെ അർഥവ്യത്യാസങ്ങളിൽ തെറ്റായത് ഏത്?
    A) അർണം-ജലം, അർണവം-സമുദ്രം
    B) കേദരം-കുന്തമുന, കേദാരം-വയൽ
    C) ചിരം- മരവുരി, ചീരം- തല
    D) തഥാ- അപ്രകാരം, തദാ-അപ്പോൾ

### Answers

1 (C) 2 (D) 3 (A) 4 (D) 5 (B) 6 (B) 7 (A) 8 (D) 9 (D) 10 (B) 11 (B) 12 (D) 13 (B) 14 (C) 15 (C)

## GENERAL ENGLISH

1. By the end of next month we ....... here for seven years
   A. will have lived B. would have lived
   C. will be living D. will live

2. Match list I (words) with list II (synonyms) and select the correct answer using the codes given below

| List 1 | List 2 |
|---|---|
| a. TRENCHANT | 1. To weaken |
| b. ENSCONCE | 2. Complain |
| c. ATTENUATE | 3. Escape |
| d. CAVIL | 4. Sharp |
| e. ELUDE | 5. To protect |

Codes

| | a | b | c | d | e |
|---|---|---|---|---|---|
| A. | 5 | 2 | 1 | 3 | 4 |
| B. | 1 | 5 | 3 | 4 | 2 |
| C. | 4 | 5 | 1 | 2 | 3 |
| D. | 4 | 2 | 1 | 3 | 5 |

3. Match list I (Phrasal Verbs) with list II (their meanings) and select the correct answer using the codes given below

| List 1 | List 2 |
|---|---|
| a. put by | 1. save |
| b. take on | 2. become popular |
| c. bring under | 3. make progress |
| d. Pull up | 4. rebuke |
| e. get on | 5. defeat |

Codes

| | a | b | c | d | e |
|---|---|---|---|---|---|
| A. | 1 | 2 | 5 | 4 | 3 |
| B. | 1 | 3 | 4 | 5 | 2 |
| C. | 4 | 3 | 5 | 1 | 2 |
| D. | 2 | 1 | 5 | 3 | 4 |

4. Match list I (words) with list II (Antonyms) and select the correct answer using the codes given below.

| List 1 | List 2 |
|---|---|
| a. KNAVE | 1. heavenly |
| b. INCONGRUOUS | 2. honest |
| c. PIFFLING | 3. to be patient |
| d. MUNDANE | 4. harmonious |
| e. CHAFE | 5. vast amount |

Codes

| | a | b | c | d | e |
|---|---|---|---|---|---|
| A. | 5 | 3 | 2 | 1 | 4 |
| B. | 2 | 3 | 5 | 4 | 1 |
| C. | 4 | 2 | 5 | 1 | 3 |
| D. | 2 | 4 | 5 | 1 | 3 |

5. Which part in the following sentence is incorrect
   A. The reason we have not been able to pay income tax/ B. is due to fact / C. that we did not receive pay on time D. /no error

6. Ravi has a strong resemblance .......... his mother
   A. with B. to
   C. for D. about

7. Choose the correct reported speech form of the given sentence
   The teacher said, ``Maya, if you come late again, I will punish you"
   A. The teacher said that if Maya comes late again, he will punish her.
   B. The Teacher said if Maya come late again, he will punish her.
   C. The teacher told Maya that if she came late again, he would punish her.
   D. The teacher told Maya that if she come late again, he would punish her.

8. The passive form of 'Did the noise frighten you'?
   A. Is you frightened by the noise?
   B. Are you frightened by the noise?
   C. Were you frightened by the noise?
   D. Do you frightened by the noise?

9. The active form of 'He was surrounded by evil advisers' is
   A. Evil advisers surrounded him
   B. Evil advisers surround him
   C. Evil advisers are surrounded him
   D. He is surrounded by evil advisers

10. Poor people hardly get loans from Nationalised banks,........?
    A. do they B. don't they
    C. did they D. didn't they

11. No one is ready to go,..........?
    A. aren't they B. are they
    C. do they D. is they

12. Munnar is more beautiful than any other place in Kerala
    The superlative degree form of this is
    A. Munnar is the beautiful place in Kerala
    B. No other place in Kerala is so beautiful as Munnar
    C. Munnar is beautiful than any other place in Kerala
    D. Munnar is the most beautiful place in Kerala

### Answers

1 (A) 2 (C) 3 (A) 4 (D) 5 (B) 6 (A) 7 (C) 8 (C) 9 (A) 10 (A) 11 (B) 12 (D)

# WORLD HISTORY

PLUS POINTS 2.0

1. Consider the following statements and choose the correct statement(s)
I. The term Industrial Revolution was coined by Arnold Toynbee
II. Chartist movement originated in England as a result of the industrial revolution. Its aim was to get voting right for labourers.
A. Only I  B. Both I and II
C. Only II  D. Neither I nor II

2. Match List 1 (Persons) with List II (inventions) and choose the correct answer using the codes given below.

| List I | List II |
|---|---|
| a. John kay | 1. Power loom |
| b. James Hargreaves | 2. Flying shuttle |
| c. Samuel Crompton | 3. Crompton's mule |
| d. Edmund Cartwright | 4. Steamboat |
| e. Robert Fulton | 5. Spinning Jenny |

| | a | b | c | d | e |
|---|---|---|---|---|---|
| A. | 5 | 2 | 3 | 4 | 1 |
| B. | 4 | 2 | 5 | 1 | 3 |
| C. | 5 | 4 | 3 | 2 | 1 |
| D. | 2 | 5 | 3 | 1 | 4 |

3. Match List 1 (events) with List II (year) related to the major events of the Industrial Revolution in England

| List I | List II |
|---|---|
| a. Petition of Rights | 1. 1688 |
| b. Bill of Rights | 2. 1689 |
| c. Bloodless Revolution | 3. 1640 |
| d. Long Parliament | 4. 1628 |

| | a | b | c | d |
|---|---|---|---|---|
| A. | 1 | 3 | 2 | 4 |
| B. | 4 | 2 | 1 | 3 |
| C. | 2 | 3 | 1 | 4 |
| D. | 4 | 3 | 2 | 1 |

4. Consider the following statements
i. The two groups that fought the first world war were Triple Alliance (Germany, Austria, Hungary, Bulgaria,Turkey) and Triple Entente (Britain,France, Russia, USA)
ii. Clamanceau was the French President during the first world war
iii. Orlando was the Italian ruler during first World War
Which of the following statements is/ are true?
A. Only I and III  B. Only I and II
C. Only II and III  D. I, II and III

5. Match List I (treaty) with List II (countries with allied powers that signed the Treaty) and select the correct answer using the codes given below.

| List I | List II |
|---|---|
| a. Treaty of Versailles (1919) | 1. Bulgaria |
| b. Treaty of St. Germain (1919) | 2. Hungary |
| c. Treaty of Neuilly (1919) | 3. Turkey |
| d. Treaty of Trianon (1920) | 4. Germany |
| e. Treaty of Sevres (1920) | 5. Austria |

| | a | b | c | d | e |
|---|---|---|---|---|---|
| A. | 4 | 5 | 1 | 2 | 3 |
| B. | 2 | 5 | 3 | 1 | 2 |
| C. | 4 | 3 | 5 | 1 | 2 |
| D. | 2 | 5 | 1 | 4 | 3 |

6. What was the consequence of the Battle of Somme (1916) fought during first world war?
A. France defeated Germany
B. Germany defeated France
C. French British force defeated Germany
D. Difficult to assist the Victor

7. Acts passed by Britain to control the American Colonies are given below
Match List 1 (Acts) with List II (year) and select the correct answer using the codes given below.

| List I | List II |
|---|---|
| a. Navigation Act | 1. 1765 |
| b. Sugar Act | 2. 1764 |
| c. Stamp Act | 3. 1766 |
| d. Declaratory Act | 4. 1651 |
| e. Townshed Act | 5. 1767 |

| | a | b | c | d | e |
|---|---|---|---|---|---|
| A. | 4 | 2 | 1 | 3 | 5 |
| B. | 4 | 3 | 2 | 1 | 5 |
| C. | 5 | 3 | 1 | 2 | 4 |
| D. | 3 | 2 | 1 | 4 | 5 |

8. Match List I (important wars) with List II (years) and select the correct answer using the codes given below.

| List I | List II |
|---|---|
| a. Opium War | 1. 1939 -45 |
| b. War of roses | 2. 1899 - 1901 |
| c. Boer war | 3. 1839 - 42 |
| d. Balkan war I and II | 4. 1455 - 1485 |
| e. Second World War | 5.1912 -13 |

| | a | b | c | d | e |
|---|---|---|---|---|---|
| A. | 5 | 3 | 4 | 2 | 1 |
| B. | 4 | 5 | 2 | 3 | 1 |
| C. | 3 | 4 | 2 | 5 | 1 |
| D. | 2 | 5 | 4 | 3 | 1 |

9. Match List I (events) with List II (year) and select the correct answer using the codes given below.

| List I | List II |
|---|---|
| a. Thashkent Agreement | 1.1972 |
| b. Shimla Agreement | 2. 1869 |
| c. Opening of Panama Canal | 3.1966 |
| d. Opening of Suez Canal | 4. 1914 |

| | a | b | c | d |
|---|---|---|---|---|
| A. | 4 | 2 | 1 | 3 |
| B. | 3 | 1 | 4 | 2 |
| C. | 2 | 1 | 3 | 4 |
| D. | 3 | 1 | 2 | 4 |

10. Match List I with List II and select the correct answer using the codes given below.

| List I | List II |
|---|---|
| a. Mussolini | 1. Iron man of Europe |
| b. Louis XIV | 2. I am the state |
| c. Adolf Hitler | 3. Black Shirt |
| d. Otto Von Bismarck | 4. The Feuhrer |

| | a | b | c | d |
|---|---|---|---|---|
| A. | 4 | 1 | 3 | 2 |
| B. | 3 | 2 | 1 | 4 |
| C. | 1 | 2 | 4 | 3 |
| D. | 3 | 2 | 4 | 1 |

11. Match List I (persons) with List II (events) and select the correct answer using the codes given below.

| List I | List II |
|---|---|
| a. Premier Tojo | 1. Ruler of Japan during IInd World War |
| b.Winston Churchill | 2. Ruler of Italy during IInd World War |
| c.Mussolini | 3. The US President during IInd World War |
| d. Franklin D Roosevelt | 4. Prime Minister of Britain during IInd World War |
